www.malankaralibrary.com



# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 19 | No. 6 & 7
JUNE - JULY 2022

## പള്ളിക്കൂടത്തിലേക്ക് വീണ്ടും...!

www.malankaralibrary.com





Madonna ELECTRONICS
Since 1987
ISO 9001-2008 COMPANY

ഇപ്പോൾ
മദ്രാസ് - മൈലാപ്പൂർ അതിരൂപതയി
ലെ ചെന്നൈ മണാളി നിത്യസഹായ
മാതാ പള്ളിയിൽ **PULSATOR** സംവിധാ
നത്തിലാണ് പള്ളിമണി ഓട്ടോമാറ്റി
ക്കായി പ്രവർത്തിക്കുന്നത്. ഭാരത
ത്തിൽ 15 സംസ്ഥാനങ്ങളിലായി ഇപ്പോൾ
500-ൽപരം പള്ളിമണികൾ പൾസേറ്റർ
സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി
പ്രവർത്തിക്കുന്നുണ്ട്.

## SOME OF THE MADONNA CLIENT CHURCHES IN TAMILNADU

St. Francis Xavier's Church, Kanayakumari
St. Antony's Church, Pudupet, Chennai
Salem Mar Thoma Church, Salem
Our Lady of Dolours hurch, Kanyakumari
St. Lourdu Anni Church, Vellore, Katpadi
St. Luke's Church, Anna Nagar West, Chennai
Divine Mercy Church, AnnaNagar, Chennai
St. Mark's Church, Eparchy of Ramanathapuram, Coimbatore
St. Catherine Church, EP Thurai
Our Lady of Perpetual Help Church, Manali, Chennai

**Call: Felix Madonna - 98953 99881, 98952 98951**
Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent
The Church Bell Ringer
*ISO 9001-2008 Certified Company*

MSME सूक्ष्म, लघु एवं मध्यम उद्यम MICRO, SMALL & MEDIUM ENTERPRISES
MAKE IN INDIA

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

www.malankaralibrary.com

എഡിറ്റോറിയൽ

# ചെറിയ വൻകാര്യങ്ങൾ !

ജർമ്മനിയിലെ ഒരു ഇടവക.
ഏതാനും മാസങ്ങൾക്കു മുമ്പാണ്.

അതായത് കൊറോണ നിയന്ത്രണങ്ങൾക്കു ശേഷം ദേവാലയങ്ങളിലേയ്ക്ക് ആളുകൾ സാവധാനം വന്നു തുടങ്ങുന്ന സമയം. കൊറോണയുടെ സുരക്ഷാ മാനദണ്ഡങ്ങൾക്ക് നേരിയ അയവ് വരുത്തിയിട്ടുള്ളതിനാൽ ദിവ്യബലിക്ക് മാസ്ക് നിർബന്ധമല്ല; എങ്കിലും മാസ്ക് ധരിക്കുന്നതാണ് നല്ലത് എന്ന നിർദ്ദേശമുണ്ട്.

ഞായറാഴ്ച പ്രഭാതത്തിലെ ദിവ്യബലിയ്ക്കായി കാർമ്മികനും, ശുശ്രൂഷികളും ആരാധനാക്രമത്തിന നുസൃതമായ തിരുവസ്ത്രങ്ങളണിഞ്ഞ് തയ്യാറായി നില്ക്കുന്നു. കാർമ്മികനും, അൾത്താര ബാലികാ ബാലന്മാരും, ദേവാലയ ശുശ്രൂഷിയും കുർബ്ബാന മണി അടിച്ചാലുടൻ അൾത്താരയിലേയ്ക്ക് കയറാൻ സന്നദ്ധരായി നില്ക്കുകയാണ്. പെട്ടെന്നാണ് കാർമ്മികനായ വൈദികന്റെ ശ്രദ്ധ ഒരു അൾത്താര ബാലന്റെ മുഖത്തേയ്ക്ക് പതിഞ്ഞത്.

അവന്റെ മാത്രം മുഖത്ത് മാസ്കില്ല. ബാക്കി കുട്ടികളുടെയെല്ലാം മുഖത്ത് മാസ്ക്കുണ്ട്. മാസ്ക്കുള്ളവർ അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്നു. മാസ്ക്കില്ലാത്ത അവൻ മാത്രം എല്ലാവരുടെയും മുൻപിൽ എന്തോ കുറ്റം ചെയ്തവനെപ്പോലെയോ, അപമാനിതനെപ്പോലെയോ തലകുമ്പിട്ട് നില്ക്കുകയാണ്. മാസ്ക് അവന് ശ്വാസസംബന്ധമായ പ്രശ്നമുണ്ടാക്കുന്ന കാര്യമാണ്.

മണി മുഴങ്ങി. പുരോഹിതനും, അൾത്താര ബാലകരും പ്രദക്ഷിണമായി അൾത്താരയിലേയ്ക്ക് നടന്നു.

പ്രദക്ഷിണമായി നീങ്ങുമ്പോൾ ആ പുരോഹിതൻ തന്റെ മുഖത്തെ മാസ്ക്ക് ഊരി കൈകളിൽ കോർത്തിട്ടിരിക്കുകയായിരുന്നു. പുരോഹിതൻ നോക്കുമ്പോൾ ആ ബാലന്റെ മുഖം അഭിമാനത്താൽ, കൂട്ടിനൊരാൾ ഉണ്ടെന്ന ചിന്തയാലെന്നവണ്ണം വികസിതമായിരുന്നു.

സുവിശേഷങ്ങളിലെ കാരുണികനായ ക്രിസ്തുവിന്റെ മുഖമാണ് മേൽ വിവരിച്ച സംഭവത്തിലെ പുരോഹിതനിൽ നമുക്കു കാണാനാവുന്നത്. വലിയ കാര്യങ്ങൾ ചെയ്യാൻ അവസരം കാത്തിരിക്കുന്നതിലല്ല മേൽസൂചിപ്പിച്ച വൈദികനെപ്പോലെ വീണു കിട്ടുന്ന ചെറിയ അവസരങ്ങൾ വിജയിപ്പിക്കുന്നതിലാണ് ദൈവിക ഇടപെടലുകൾ കണ്ടെത്തേണ്ടത്.

www.malankaralibrary.com

സമൂഹത്തിന്റെ അരികുകളിൽ കഴിഞ്ഞ ദരിദ്രരോടും അശക്തരോടും പതിതരോടും അസ്പർശ്യരോടും കരുണ കാണിച്ച ക്രിസ്തുവിന്റെ കണ്ണുകളിലൂടെ ആനുകാലിക സംഭവങ്ങളെ നോക്കിക്കാണാനുള്ള ശ്രമമായിരുന്നു കാരുണികന്റേത്. ബൈബിൾ പണ്ഡിതനായ ഡോ. ജേക്കബ് നാലുപറയിലച്ചൻ വിഭാവനം ചെയ്ത് MCBS സഭയുടെ എമ്മാവൂസ് പ്രവിശ്യയുടെ കീഴിൽ 2003-ൽ ആരംഭിച്ച കാരുണികനെ വെറും ഇരുപതിൽ താഴെ വർഷങ്ങൾ കൊണ്ട് മലയാളികളായ വൈദികരുടെയും സന്ന്യസ്തരുടെയും അല്മായരുടെയും ആത്മമിത്രമാക്കി മാറ്റാൻ സാധിച്ചതിൽ കാരുണികൻ കുടുംബത്തിന്റെ ഭാഗമായിരുന്നിട്ടുള്ള എല്ലാവർക്കും അഭിമാനിക്കാം. ഇന്ന് കാരുണികൻ വളർച്ചയുടെ മറ്റൊരു ഘട്ടത്തിലേക്ക് കടക്കാനുള്ള പരിശ്രമത്തിലാണ്. വായനക്കാരായ നിങ്ങൾ ഓരോരുത്തരും നല്കിയ പ്രോത്സാഹനങ്ങളുടെയും വിലയിരുത്തലുകളുടെയും ഊർജ്ജം സ്വീകരിച്ചാണ് ഇവിടെ വരെ എത്തി നില്ക്കുന്നത്. ഈയവസരത്തിൽ കാരുണികൻ മാസികയെ ഈ നിലയിലേക്ക് ഉയർത്തിക്കൊണ്ടുവരുവാൻ അക്ഷീണ പ്രയത്നം നടത്തിയ എല്ലാ പത്രാധിപസമിതിയംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച്, സ്ഥാനമൊഴിയുന്ന പത്രാധിപർ ഫാ .ജോയ് ചെഞ്ചേരിലിനും സർക്കുലേഷൻ മാനേജർ ഫാ. ജോസഫ് കൊല്ലംപറമ്പിലിനും മാർക്കറ്റിങ് മാനേജർ ഫാ. സ്റ്റെബിൻ വിതയത്തിലിനും ഹൃദയം നിറഞ്ഞ നന്ദി.

MCBS സഭയിൽ പുതിയതായി രൂപം കൊണ്ട പരംപ്രസാദ് പ്രൊവിൻസിന്റെ കീഴിലേയ്ക്ക് കാരുണികൻ മാസിക വന്നുചേർന്നിരിക്കുകയാണ്. ഈ അവസരത്തിൽ കാരുണികന്റെ ഇപ്പോഴത്തെ അവസ്ഥയെ വിലയിരുത്താനും അതിന്റെ വെളിച്ചത്തിൽ വളർച്ചയുടെ അടുത്ത പടിയിലേക്ക് നടന്നുകയറാനുമാണ് ഞങ്ങളുടെ ശ്രമം. കാരുണികന്റെ വായനക്കാരും അഭ്യുദയകാംക്ഷികളുമായ നിങ്ങളുടെ ഓരോരുത്തരുടെയും വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്.


കരുണയുള്ളവന്റെ പക്ഷം വിജയിക്കട്ടെ. ക്രിസ്തു – കാരുണികൻ വിജയശ്രീലാളിതനായ് മുന്നേറട്ടെ.

മിഖാസ് കൂട്ടുങ്കൽ
*ചീഫ് എഡിറ്റർ*

www.malankaralibrary.com

# ഉള്ളടക്കം

പുസ്തകം 19 ലക്കം 6 & 7 2022 ജൂൺ -ജൂലൈ




സ്കൂൾതുറപ്പിന്റെ ആദ്യഉല്ലാസങ്ങളൊക്കെ കുറഞ്ഞ് പഠനത്തിലേക്ക് ഗൗരവമായ് നീങ്ങിത്തുടങ്ങുമ്പോൾ കൊറോണ ചുറ്റിവരിഞ്ഞ ഇടക്കാല അനുഭവപശ്ചാത്തലത്തിൽ നിന്നുകൊണ്ട് കുട്ടികളെന്ന പോലെ മാതാപിതാക്കളും ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് ഈ ലക്കത്തിൽ.

രക്ഷാധികാരി
ഡോ. ജോസഫ് കൈപ്പയിൽ MCBS
പ്രൊവിൻഷ്യൽ സുപ്പിരീയർ
എം.സി.ബി.എസ്. പരംപ്രസാദ് പ്രവിശ്യ

സഹരക്ഷാധികാരി
ഫാ. ആന്റോ പുതുവ MCBS

പത്രാധിപർ
ഫാ. മിഖാസ് കൂട്ടുങ്കൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

മാർക്കറ്റിംഗ് മാനേജർ
ഫാ. സ്റ്റെബിൻ വിതയത്തിൽ MCBS

സർക്കുലേഷൻ മാനേജർ
ഫാ. ജോൺപോൾ
തെക്കുംചേരിക്കുന്നേൽ MCBS

അക്ഷരവിന്യാസം
നിഷ ബിനു


രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : mail@karunikan.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
പരംപ്രസാദ് പ്രസിദ്ധീകരണം

## അഭിമുഖം

06 ധാർമിക വിദ്യാഭ്യാസം അനിവാര്യം



## സംവാദം

10 'വരുതി'കളുടെ അതിരുകൾ
12 ചേർത്തുപിടിക്കാം നല്ലതിനെ
15 സൈബർ ലോകം വാതിലുകൾ തുറക്കുമ്പോൾ
19 ഡിജിറ്റൽ അടിമത്തം
22 അറിവിനൊപ്പം ആരോഗ്യവും
24 ഫസ്റ്റ് ബെൽ മുഴങ്ങുമ്പോൾ

## ക്രൈസ്തവം

28 | കുമ്പസാരം കേൾക്കുന്നതിന് വൈദികർക്ക് പ്രത്യേക അനുവാദം ആവശ്യമുണ്ടോ?



## സാമൂഹികം

31 | ഒരേ വേഗത്തിന്റെ തെറ്റിയ ചുവടുകളും തർക്കങ്ങളും

03 എഡിറ്റോറിയൽ

www.karunikan.com

www.malankaralibrary.com

# ധാർമിക വിദ്യാഭ്യാസം അനിവാര്യം

മാവേലിക്കര ഭദ്രാസനാധ്യക്ഷനും KCBC വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനുമായ **ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസു**മായി കാരുണികൻ നടത്തിയ അഭിമുഖം.



**■ പള്ളിയോടൊപ്പം പള്ളിക്കൂടങ്ങളും നിർമിച്ച് അറിവും വിജ്ഞാനവും പകർന്നുകൊടുക്കുന്നതിൽ കേരള സഭ മാതൃകയായിരുന്നു. സഭയുടെ ഇന്നത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ പിതാവ് എങ്ങനെ വിലയിരുത്തുന്നു?**

തിരുസഭയ്ക്ക് നൽകപ്പെട്ട നിയോഗമാണ് വിദ്യാഭ്യാസ ശുശ്രൂഷ. നിരന്തരവും നവീനവുമായ പ്രവർത്തനശൈലിയിൽ ഗുണനിലവാരമുള്ള വിദ്യ തലമുറകളിലേക്ക് പകർന്നുനൽകാൻ സഭ പ്രതിജ്ഞാബദ്ധമാണ്. പ്രതിബദ്ധതയും ദിശാബോധവുമുള്ള വിദ്യാഭ്യാസ പ്രവർത്തനം കാലത്തിന് യോജിച്ച തരത്തിൽ സഭ തുടരുന്നു. പള്ളിയോടൊപ്പം പള്ളിക്കൂടങ്ങൾ നിർമിച്ച് അറിവും വിജ്ഞാനവും പകർന്നുകൊടുക്കുന്നതിൽ കേരളസഭ മാതൃകയാണ്. ദൈവദാസൻ ആർച്ച്ബിഷപ് മാർ ഇവാനിയോസ് പള്ളിക്ക് മുൻപേ പള്ളിക്കൂടം എന്ന പക്ഷക്കാരനായിരുന്നു.

പൊതുസമൂഹത്തിന്റെ സാമൂഹിക–സാമ്പത്തിക മത സാഹചര്യങ്ങൾ വിശദമായി മനസ്സിലാക്കി, സമൂഹത്തിൽ സമത്വവും സാമൂഹ്യ വികസനവും

www.malankaralibrary.com

ഉറപ്പു വരുത്തുന്ന ഇടപെടലായിരുന്നു വിദ്യാഭ്യാസ ശുശ്രൂഷവഴി ആരംഭകാലംമുതൽ സഭ ചെയ്തു വന്നത്. വിദ്യാഭ്യാസ മേഖല ഒരു സേവന മേഖലയും വ്യക്തി – സമൂഹ ശക്തീകരണ ഇടവുമായിരുന്നു. ലാഭേച്ഛ ഇല്ലാത്ത ശുശ്രൂഷ ക്രൈസ്തവ വിദ്യാഭ്യാസ മേഖലയുടെ വലിയൊരു സവിശേഷതയാണ്. വ്യത്യസ്തവും വ്യതിരിക്തവുമായ (different and unique) ഒരു വിദ്യാഭ്യാസ ഇടപെടലിന് സഭയ്ക്ക് മാത്രമേ സാധിക്കുകയുള്ളൂ.

സഭയുടെ വിദ്യാഭ്യാസ ദർശനത്തിലും പ്രയോഗത്തിലും കച്ചവട മനോഭാവം ഉണ്ടെങ്കിൽ അത് പാടെ ഒഴിവാക്കണം. മാതൃകാ വിദ്യാഭ്യാസം, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, കാലത്തിനൊത്ത് ഉയർന്നു നിൽക്കുന്ന വിദ്യാഭ്യാസം ഇവ നാം നൽകണം. അതോടൊപ്പം ഭരണഘടന നൽകുന്ന ന്യൂനപക്ഷ അവകാശങ്ങളും അവയുടെ പരിരക്ഷയും നാം മനസ്സിലാക്കുകയും അവ അഭംഗുരം കാത്തുസൂക്ഷിക്കുകയും വേണം. നമ്മൾ അവഗണിക്കപ്പെടരുത്. മറ്റുള്ളവർ നമ്മുടെ സാന്നിധ്യം അംഗീകരിക്കുകയും നമ്മളെ വിലമതിക്കുന്ന വിദ്യാഭ്യാസ അന്തരീക്ഷം നിലനിർത്തുകയും വേണം.

## ■ ഗുരു–ശിഷ്യ ബന്ധത്തിന് ആധുനിക കാലഘട്ടത്തിൽ ഉലച്ചിൽ സംഭവിച്ചിട്ടുണ്ട്. എന്താണിതിന്റെ കാതലായ കാരണം?

വ്യക്തിപരമായ വിജ്ഞാന സംവേദനത്തേക്കാൾ സാമൂഹ്യ മാധ്യമങ്ങളുടെ അതിപ്രസരത്തിലുള്ള അറിവ് കൈമാറ്റം ഇവിടെ സംഭവിക്കുന്നു. യാന്ത്രികതയ്ക്ക് മുൻതൂക്കം നൽകുന്ന പഠന രീതി ഇവിടെ കൂടുതൽ നടപ്പിലാക്കുന്നു. ഗോളാന്തര വാർത്തകൾ വേഗത്തിൽ അറിയുന്നു, അയൽവാസിയുടെ സാമീപ്യം തമസ്കരിക്കുന്നു. സാഹോദര്യം കാത്തുസൂക്ഷിക്കുന്ന മാനവികതയുടെ മുഖം നമ്മുടെ പാഠ്യപദ്ധതികൾ വീണ്ടെടുക്കണം.

സ്വാർഥതയുടെ സംസ്കാരം, ഓൺലൈൻ മീഡിയ അഡിക്ഷൻ, ബോധ്യങ്ങൾ നഷ്ടപ്പെടുന്ന കൗമാര – യൗവന കാലഘട്ടം, വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമെന്ത് എന്ന ബോധ്യമില്ലായ്മ, അതിരുവിട്ട സൗഹൃദം, മദ്യ–മയക്കുമരുന്ന് വ്യാപനത്തിന്റെ ഇരകൾ, മാതാപിതാക്കളിൽ നിന്നും ആത്മീയതയിൽ നിന്നുമുള്ള അകൽച്ച ഇവയൊക്കെ വർത്തമാനകാലഘട്ടത്തിലെ വിദ്യാർഥി സമൂഹം നേരിടുന്ന പ്രതിസന്ധികളാണ്. ഗുരു–ശിഷ്യ ബന്ധത്തിന്റെ ഊഷ്മളത ഇന്നത്തെ സാമൂഹിക ചുറ്റുപാടിൽ വളരെയധികം കുറഞ്ഞിരിക്കുന്നു. സാമൂഹിക– സാംസ്കാരിക–വൈയക്തിക കുടുംബബന്ധങ്ങൾ പൊതുസമൂഹത്തിൽ നിന്ന് അതിവേഗം മാറിക്കൊണ്ടിരിക്കുന്നു.

സ്വാഭാവികമായി ഈ മാറ്റങ്ങൾ അധ്യാപക– വിദ്യാർഥിബന്ധത്തിലും പ്രകടമാണ്. 'ഗുരു–ശിഷ്യ' എന്ന പദംപോലും ഇന്ന് ഉപയോഗിക്കുന്നില്ല. കാലികമായ ചിന്താധാരകൾ അധ്യാപക–വിദ്യാർഥി ബന്ധം, അവയുടെ സ്വാധീനം മുതലായവയെ വിപരീതമായി ബാധിച്ചിട്ടുണ്ട്. കുടുംബങ്ങളിൽ മാതാപിതാക്കൾ – മക്കൾ ബന്ധത്തിലെ മാറ്റങ്ങൾ സ്വാഭാവികമായും ഗുരു–ശിഷ്യ ബന്ധത്തിലും പ്രകടമാണ്. ഇന്നത്തെ നിയമസംഹിതയുടെ പശ്ചാത്തലം ബന്ധങ്ങളെ കൂടുതൽ സങ്കീർണമാക്കാൻ മാത്രമേ ഉപകരിക്കൂ.

## ■ ആധുനിക വിദ്യാഭ്യാസ സമ്പ്രദായം ഒരു വ്യക്തിയുടെ സമഗ്ര വളർച്ചയ്ക്ക് ഭൂഷണമാണോ?

'വിദ്യാർഥിയുടെ സമഗ്രത'– ഈ സമഗ്രതയെന്നുള്ളത് പുനർനിർവചിക്കേണ്ടിയിരിക്കുന്നു. ഇന്ന് വിഷയത്തിലും കഴിവിലും പ്രാഗല്ഭ്യമുള്ളവരെ കണ്ടെത്തി, അവരെ പ്രോത്സാഹിപ്പിക്കുന്നു. ദേശീയ വിദ്യാഭ്യാസനയവും (NEP) സമഗ്രത പരാമർശിക്കുമ്പോൾ അറിവിന്റെയും (knowledge) കഴിവിന്റെയും (skill) കാര്യത്തിലാണ് ശ്രദ്ധയുള്ളത്. മനോഭാവം (attitude) വളർത്തുന്ന മൂല്യ അവബോധനം പരാമർശിക്കുന്നില്ല.

സഹവർത്തിത്വം, സേവനതല്പരത, തുല്യതാബോധം, പരസ്പര ബഹുമാനം, ആദരം, അംഗീകാരം, ത്യാഗസന്നദ്ധത, സാമൂഹിക പ്രതിബദ്ധത മുതലായവ ഉൾച്ചേർക്കപ്പെടുന്നില്ല. ഇന്ന് സാങ്കേതിക വിജ്ഞാനത്തിന്റെ അമിതമായ ഉപയോഗവും പുതുതായ കണ്ടെത്തലുകളും കൂടുതൽ സങ്കീർണത ഉളവാക്കുന്നു. സമഗ്രതയിൽ അറിവും കഴിവും മനോഭാവവും കൃത്യമായി സമന്വയിക്കപ്പെടുമ്പോൾ കൂടുതൽ വളർച്ചയുണ്ടാകും.

വിവര സാങ്കേതിക വിദ്യയുടെ വിസ്ഫോടനത്തിൽ നാം എത്തിയിരിക്കുന്നു. ശാസ്ത്ര പുരോഗതി സമസ്ത മേഖലകളിലും അതിവേഗം സ്വാധീനം ചെലുത്തുന്നു. വ്യക്തിബന്ധം, ധാർമിക ചിന്തകൾ, മനഃസാക്ഷി രൂപീകരണം, പങ്കുവയ്ക്കുന്ന മനസ്സ്, കരുത

www.malankaralibrary.com

ലിന്റെ സമീപനം എന്നിവ കുറയുന്നു. ഹൃദയ വികാരങ്ങൾ യുക്തിയുടെ കാർക്കശ്യത്തിന് വഴിമാറുന്നു. എന്നാൽ, ആധുനിക വിദ്യാഭ്യാസത്തിന്റെ ഭാവാത്മക വശങ്ങൾ ഉൾക്കൊള്ളുകയും ഇനിയും കൂട്ടിച്ചേർക്കപ്പെടേണ്ട മാനുഷിക തലങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ട് വിദ്യാഭ്യാസ മണ്ഡലത്തെ സമഗ്രമാക്കാം.

## ■ ഭൗതിക വിദ്യാഭ്യാസത്തിന്റെ അതിപ്രസരത്തിൽ ധാർമിക വിദ്യാഭ്യാസം നൽകുന്നതിൽ ഇന്ന് അപചയം സംഭവിച്ചിട്ടില്ലേ?

ഭൗതികത മറ്റെല്ലാ മണ്ഡലങ്ങളിലും എന്നപോലെ വിദ്യാഭ്യാസ മണ്ഡലത്തിലും അതിപ്രസരം സൃഷ്ടിച്ചു. നിയന്ത്രണമില്ലാത്ത ട്യൂഷൻ ഭ്രമം ആത്മീയ ജീവിതത്തിൽ നിന്നും ക്രമേണ അകലാൻ കുട്ടികളെ നിർബന്ധിക്കുന്നു. ഞായറാഴ്ചയാചരണം, മതബോധനം, കുടുംബാംഗങ്ങളുമായുള്ള സൗഹൃദ ഒത്തുചേരൽ ഇവയ്ക്കൊക്കെ ഇന്ന് സമയം കണ്ടെത്താൻ ആകുന്നില്ല. പഠനം വേഗത്തിൽ വിജയകരമായി പൂർത്തിയാക്കാനും ഉന്നത ജോലി കരസ്ഥമാക്കാനുമുള്ള വെമ്പലിൽ സംഘർഷം നിറഞ്ഞ ഒരു ജീവിത ക്രമം വിദ്യാർഥികളിൽ ഉണ്ട്.

ധാർമികതയുള്ള ജീവിത രൂപീകരണത്തിന് ഉപകരിക്കുന്ന മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നമ്മൾ കുട്ടികൾക്ക് നൽകണം. മതബോധനം നൽകാനുള്ള സാഹചര്യം സ്കൂളുകളിൽ ഒരുകാലത്ത് ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ആ സാഹചര്യം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. സ്കൂളുകളിൽ കെ.സി.എസ്.എൽ.പോലുള്ള സംഘടന വഴി കുട്ടികളുടെ സ്വഭാവരൂപീകരണം ഒരു പരിധിവരെ നടക്കുന്നു. മോറൽ സയൻസ് പഠിപ്പിക്കുന്നുണ്ടെന്ന് നാം ഉറപ്പാക്കണം. സ്നേഹസേന തുടങ്ങിയ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തണം. ഉത്തമ മൂല്യബോധം, പൗരബോധം, സഭാസ്നേഹം എന്നിവ ക്രമാനുഗതമായി കുട്ടികൾക്ക് പകർന്നു നൽകണം.

ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന മുഖമുദ്രയാണ് ധാർമിക – മൂല്യ അടിത്തറയുള്ള പുതിയൊരു തലമുറയെ രാജ്യത്തിന് നൽകുകയെന്നുള്ളത്. ഇന്ന് ധാർമിക വിദ്യാഭ്യാസം നൽകുന്നതിൽ കുറവ്സംഭവിച്ചിട്ടുണ്ട്. അധ്യാപകർ ആ മേഖലയിൽ താൽപര്യക്കുറവ് കാണിക്കുന്നത് ഗൗരവമായി കാണേണ്ടതാണ്. ധാർമിക വിദ്യാഭ്യാസം മതബോധന പഠനമല്ല. ഏകീകൃത ധാർമിക വിദ്യാഭ്യാസ പുസ്തകം 2023–24 മുതൽ കെ.സി.ബി.സി നടപ്പിലാക്കും. ഭാരതത്തിലെ 32 രൂപതകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ധാർമിക വിദ്യാഭ്യാസം നിർബന്ധമാക്കും. മദ്യം, മയക്കുമരുന്ന്, ലഹരി വസ്തുക്കൾ, ആത്മഹത്യ, കൊലപാതകം, ലൈംഗികാക്രമണം, ചൂഷണം, പൗരബോധമില്ലായ്മ മുതലായവ ധാർമിക വിദ്യാഭ്യാസത്തിന്റെ അഭാവത്തിൽ സംഭവിച്ചതാണ്. ഈ തിന്മകളെ ദൂരീകരിക്കാൻ ധാർമിക വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കു.

**വിദ്യാഭ്യാസ മേഖലയിൽ കാലഘട്ടത്തിനനുസരിച്ച് നവീകരണം ഉണ്ടാകണം. അച്ചടക്കവും സ്വഭാവ മഹിമയുമുള്ള പുതിയ തലമുറയെ മുന്നിൽ കണ്ടുകൊണ്ടുള്ള പാഠ്യക്രമം നാം നടപ്പിലാക്കണം. പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഉള്ളടക്കവും ലക്ഷ്യങ്ങളും നാം അവധാനതയോടെ പഠിച്ച് സ്വാംശീകരിക്കണം.**

## ■ സഭാസ്ഥാപനങ്ങളിലെ വിദ്യാർഥി പ്രവേശനങ്ങൾക്കും അധ്യാപക നിയമനങ്ങൾക്കും സുതാര്യത ഉണ്ടായിരുന്നത് വലിയ ക്രൈസ്തവ സാക്ഷ്യമായിരുന്നു. ഇന്ന് പലയിടങ്ങളിലും ഇതിന് അപഭ്രംശം സംഭവിച്ചിട്ടുണ്ട്.?

നമ്മുടെ സ്ഥാപനങ്ങൾ വളരാനുള്ള ഭൗതിക

www.malankaralibrary.com

സാഹചര്യങ്ങൾ നാം ഒരുക്കണം. ഇത് എല്ലാവരുടെയും കൂട്ടായ സഹകരണത്തിലൂടെ മാത്രമേ നടക്കൂ. നമ്മുടെ സാമ്പത്തിക ഇടപാടുകളും അവയുടെ ഉദ്ദേശശുദ്ധിയുമെല്ലാം സത്യസന്ധവും സുതാര്യവുമായിരിക്കണം. ഭീമമായ തുക ഈടാക്കുന്നത് ഒഴിവാക്കണം. ജീവിത പ്രതിസന്ധിയുള്ള സാധാരണക്കാർക്ക് അമിത ഭാരമാകരുത് വിദ്യാഭ്യാസ ചെലവുകൾ. വിദ്യാഭ്യാസ സ്ഥാപനം, സുസ്ഥിതി, വികസനം, അനുദിന ചെലവുകൾ എന്നിവയ്ക്ക് ഭീമമായ സാമ്പത്തികം ആവശ്യമുണ്ട്. ഒരുകാലത്ത് ക്രൈസ്തവരായ വിശ്വാസികളുടെ വിവിധ തരത്തിലുള്ള സാമ്പത്തിക സ്രോതസ്സെല്ലാം ഈ നിയോഗത്തിലേക്ക് മാറ്റിവച്ചിരുന്നു. സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പ് മാനേജ്മെന്റിന് എന്നും ബാധ്യതയാണ്. അഭ്യുദയകാംക്ഷികളുടെ സഹകരണത്തിനും സംഭാവനയ്ക്കും പരിമിതികളുണ്ട്. വിദ്യാഭ്യാസ ശുശ്രൂഷ സ്വീകരിക്കുന്നവരുടെ പങ്കാളിത്തവും സംഭാവനയും സ്വീകരിക്കുക എന്നത് സ്വാഗതാർഹമാണ്. പണം വാങ്ങാൻ പാടില്ല എന്ന ചിന്ത പലർക്കും ഉണ്ട്. എന്നാൽ സ്ഥാപനം എങ്ങനെ സുഗമമായി മുന്നോട്ട് നടത്തിക്കൊണ്ടുപോകും? ഇന്ന് സ്ഥായിയായ വിദേശ ഫണ്ട് ഇല്ല. സ്വദേശ ഫണ്ട് നമ്മൾ സ്വരൂപിക്കണം. അർഹതപ്പെട്ടവരെ പരിഗണിക്കണം. പാർശ്വവല്ക്കരിക്കപ്പെട്ടവരെ ചേർത്തു നിർത്തണം. വിട്ടുവീഴ്ചാമനോഭാവം നമ്മൾക്കുണ്ടാകണം. അതുപോലെ തന്നെ നമ്മുടെ രൂപതകൾക്കും സന്ന്യാസ സമൂഹങ്ങൾക്കും ഒരു വിദ്യാഭ്യാസ പോളിസി ഉണ്ടാകണം. നീതിയിലധിഷ്ഠിതമായ ക്രൈസ്തവ വിതരണക്രമം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പൊതുസമൂഹത്തിന് ലഭ്യമാകണം.

## ■ ആധുനിക വിദ്യാഭ്യാസ മേഖലയെ പിതാവ് എങ്ങനെ വിശകലനം ചെയ്യുന്നു?

കാലഘട്ടത്തിന് യോജിച്ച ആധുനിക വിദ്യാഭ്യാസം അനിവാര്യമാണ്. വലിയ മാറ്റങ്ങൾ ബോധന രീതികളിൽ, അവയുടെ ഉള്ളടക്കത്തിൽ, കൈമാറ്റ പ്രക്രിയയിൽ സംഭവിക്കുന്നുണ്ട്. മാറ്റങ്ങൾ തിരിച്ചറിയാനും ഉൾക്കൊള്ളാനും സ്വാംശീകരിക്കാനും നമുക്ക് സാധിക്കണം. കുറെ പൊതു അറിവുകളുടെ കൈമാറ്റമല്ല വിദ്യാഭ്യാസം. പിന്നെയോ, മൂല്യബോധം ലഭിച്ച, ഉത്തമ പൗരന്മാരായ കുട്ടികളെ രൂപീകരിക്കുന്ന പ്രക്രിയയാണത്. സ്വന്തം കാലിൽ നിൽക്കാൻ അവരെ പ്രാപ്തരാക്കണം. ലക്ഷ്യബോധമുള്ള ഒരു തലമുറയെ രൂപീകരിക്കണം. തൊഴിലധിഷ്ഠിതവും ജീവിതഗന്ധിയുമായ പാഠ്യക്രമമാണ് ആവശ്യമായിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയിൽ കാലഘട്ടത്തിനനുസരിച്ച് നവീകരണം ഉണ്ടാകണം. അച്ചടക്കവും സ്വഭാവ മഹിമയുമുള്ള പുതിയ തലമുറയെ മുന്നിൽ കണ്ടുകൊണ്ടുള്ള പാഠ്യക്രമം നാം നടപ്പിലാക്കണം. പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഉള്ളടക്കവും ലക്ഷ്യങ്ങളും നാം അവധാനതയോടെ പഠിച്ച് സ്വാംശീകരിക്കണം.

കെസിബിസി ലക്ഷ്യംവയ്ക്കുന്നത് വിദ്യാർഥികളുടെ മികവാണ് (Excellence of students). ഇതിനായി അധ്യാപക ശക്തീകരണമാണ് അവലംബിച്ചിരിക്കുന്നത്. എല്ലാ മാസവും വെബിനാർ സീരീസ് സംഘടിപ്പിച്ച് നാലാം ശനിയാഴ്ച പ്രഭാഷണവും സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളും പങ്കുവയ്ക്കുന്നു (അധ്യാപക ശക്തീകരണത്തിലൂടെ വിദ്യാർഥി മികവ്). കത്തോലിക്ക അധ്യാപക ഗിൽഡ് ഇതിന് നേതൃത്വം നൽകുന്നു.

വിദ്യാർഥി – അധ്യാപക – സ്ഥാപനങ്ങൾക്ക് "Enable, Empower and Excel' എന്ന 3E's പരിപാടിയിലൂടെ 2030 ലക്ഷ്യം വച്ചുകൊണ്ട് വൈവിധ്യമാർന്ന കഴിവുള്ള വിദ്യാർഥികളെയും അധ്യാപകരെയും അതത് തലങ്ങളിൽ മികവുറ്റവരാക്കാൻ 'Super 30' Project വഴി പരിശ്രമിക്കുന്നു. അക്കാദമിക, കലാ–സാഹിത്യ, കായിക, ആധ്യാത്മിക, രാഷ്ട്രീയ മേഖലകളിലേക്ക് അഞ്ചാം ക്ലാസ്സുമുതൽ കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ച് ഏതെങ്കിലും ഒരു മേഖലയിൽ പ്രാവീണ്യം നേടാൻ അധ്യാപകൻ വിദ്യാർഥിയെ അനുധാവനം ചെയ്യുന്നു.

കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ശക്തീകരണംവഴി എല്ലാ രൂപതകളിലും സന്ന്യാസ സ്ഥാപനങ്ങളിലും കൂടുതൽ പ്രാഗല്ഭ്യം നേടാൻ അധ്യാപകരെ സഹായിക്കുന്ന സമയബന്ധിതമായ കർമപദ്ധതികൾ ആവിഷ്കരിക്കുന്നു. കോളജ് അധ്യാപകരെ സംഘടിപ്പിച്ച് സംഘടന രൂപീകരണം വേഗത്തിലാക്കുന്ന പരിശ്രമം തുടരുന്നു. സ്വാശ്രയ കോളജുകളുടെ ഗുണമേന്മ ഉയർത്തുന്ന കർമപരിപാടികൾക്ക് നേതൃത്വം നൽകുന്നു. വിവിധ ഘട്ടങ്ങളിലായി അധ്യാപകർക്ക് കൂടുതൽ പരിശീലനം നൽകുന്നു.

സർക്കാരുമായി / വിദ്യാഭ്യാസ വകുപ്പുകളുമായി നിയമയുദ്ധത്തിന് പകരം ചർച്ചകളിലൂടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്ന സമീപനമാണ് KCBC വിദ്യാഭ്യാസ കമ്മീഷൻ സ്വീകരിക്കുന്നത്. ■

www.malankaralibrary.com

# 'വരുതി'കളുടെ അതിരുകൾ

ആധുനിക വിദ്യാഭ്യാസ പരിഷ്കാരങ്ങളും കോവിഡ് കാല ഓൺലൈൻ പഠനരീതികളും രക്ഷാകർത്താക്കളിൽ ഉണ്ടാക്കിയ ആശങ്കകൾ കുറച്ചൊന്നുമല്ല. നവമാധ്യമ ഉപയോഗങ്ങളിലെ സാങ്കേതിക നിരക്ഷരതയും മക്കൾക്ക് അതിലുള്ള സാക്ഷരതയും വഴിവിട്ട അരുതായ്മകൾക്ക് വഴിമരുന്നിടുകയുണ്ടായി. മക്കൾ-മാതാപിതാക്കൾ ബന്ധങ്ങളിലും അധ്യാപക-വിദ്യാർഥി ബന്ധങ്ങളിലും കോവിഡ്കാലം ഊഷ്മളതക്കുറവുണ്ടാക്കിയെന്നത് യാഥാർഥ്യമാണ്. ബന്ധങ്ങളുടെ ഇഴയടുപ്പത്തിനുള്ള കണ്ണിചേർക്കലിനെക്കുറിച്ചുള്ള അവബോധമേകുന്ന ലേഖനം.



ചാക്കോ സി. പൊരിയത്ത്
**മെമ്പർ, സംസ്ഥാന ഭാഷാമാർഗ നിർദേശക വിദഗ്ധ സമിതി**
**ഭരണങ്ങാനം, കോട്ടയം**
**94477 26136**


'വരുതിക്കു നിൽക്കുക' എന്നത് ഒരു പ്രാദേശിക പ്രയോഗമാണോ എന്നറിയില്ല. ആജ്ഞാനുവർത്തിയാകുക- എന്നാണ് അതിനർഥം. പൊതുവിൽ, മാതാപിതാക്കളുടെ വരുതിക്ക് ഒതുങ്ങിനിൽക്കുന്നവരായിരുന്നു, പണ്ട്, മക്കൾ. ചോദ്യം ചെയ്യാതെ അനുസരിച്ചുവന്നവരായിരുന്നുവെന്ന് സാരം. മാതാപിതാക്കളുടെയും ഗുരുജനങ്ങളുടെയുമൊക്കെ ശാസനയ്ക്കും ശിക്ഷയ്ക്കും വിധേയരായിക്കഴിഞ്ഞ അവർ, തങ്ങൾ അടിമത്തം പേറുന്നവരാണെന്ന് എപ്പോഴെങ്കിലും സങ്കടപ്പെട്ടിട്ടുണ്ടാവുമോ എന്നറിയില്ല. കുടുംബത്തിലെ ഇല്ലായ്മകളും വല്ലായ്മകളും കണ്ടും കൊണ്ടും അറിഞ്ഞിരുന്ന അവർ ജീവിതക്ലേശങ്ങളെ അഭിമുഖീകരിക്കാൻ പ്രാപ്തരുമായിരുന്നു.

ഇക്കഴിഞ്ഞ ഇരുപത്തഞ്ചോ മുപ്പതോ വർഷങ്ങൾക്കിടയിൽ മേൽപ്പറഞ്ഞ ജീവിതശൈലിയാകെ തകിടം മറിഞ്ഞു. ശാസ്ത്രസാങ്കേതിക മേഖലകളിലുണ്ടായ വികാസമാണ് ഇതിന്റെ കാരണങ്ങളിൽ മുഖ്യം. മറ്റൊന്ന് കൂട്ടുകുടുംബവ്യവസ്ഥ തകർന്നടിയുകയും അണുകുടുംബസമ്പ്രദായം നിലവിൽ വരികയും ചെയ്തതാണ്. അണുകുടുംബവ്യവസ്ഥിതിയിൽ മാതാപിതാക്കൾ തങ്ങൾക്ക് ആകെക്കൂടിയുള്ള ഒന്നോ രണ്ടോ സന്താനങ്ങളുടെ കാര്യത്തിൽ അമിതശ്രദ്ധ കൊടുക്കുന്നവരായി. മക്കൾ ക്ലേശങ്ങളൊന്നുമറിയാതെ വളർന്നുവരണമെന്ന 'ഓവർ കെയർ' മനോഭാവം മാതാപിതാക്കളുടെ പക്ഷത്തുനിന്നുണ്ടായി. മക്കളുടെ ഏതിഷ്ടവും സാധിച്ചുകൊടുക്കണമെന്ന വികാരം ഒരു ശാഠ്യമെന്നോണം അവരിലുളവായി.

ഏതാണ്ട് ഈ കാലയളവിൽത്തന്നെ, പഠനത്തിന്റെ പ്രാഥമിക തലത്തിൽപ്പോലും ഐ.ടി എന്ന വിവരസാങ്കേതികവിദ്യ നടപ്പിലായി. കമ്പ്യൂട്ടറും ഇന്റർനെറ്റുമൊക്കെ അനായാസം കൈകാര്യം ചെയ്യുന്ന മക്കളോട് സ്നേഹവാത്സല്യങ്ങൾക്കുപരി അല്പമൊരു ബഹുമാനംതന്നെ മാതാപിതാക്കൾക്കുണ്ടായി. മെച്ചപ്പെട്ട വിദ്യാഭ്യാസം സ്വായത്തമാക്കിയിട്ടുണ്ടായിരുന്ന മാതാപിതാക്കൾപോലും ഈ വകയൊന്നും തങ്ങളുടെ തലമണ്ടയിൽ കയറില്ലെന്നു കൈകഴുകി, മക്കളെ അവരുടെ വഴിക്കുവിടുന്നവരായിമാറി. പണ്ട് മാതാപിതാക്കളും മക്കളും തമ്മിലുണ്ടായിരുന്ന ബന്ധത്തിലെ വരുതികളുടെ അതിരുകൾ മെല്ലെ മെല്ലെ അപ്രസക്തമായി. വിലക്കുകളേതുമില്ലാതെ സൈബർലോകത്ത് വിഹരിക്കാൻ തുടങ്ങിയ മക്കളാകട്ടെ അവരുടെ പ്രായത്തിൽ എത്തപ്പെടരുതാത്ത ഇടങ്ങളിലൂടെ ഇന്റർനെറ്റിൽ അലഞ്ഞുതിരിയുന്നവരായി മാറി.

സ്മാർട്ഫോൺ രംഗത്തുവന്നതോടെ സ്ഥിതിഗതികൾ കൂടുതൽ വഷളാവുകയാണുണ്ടായത്. പഠനാവശ്യത്തിന് ഇന്റർനെറ്റ് ബന്ധമുള്ള കമ്പ്യൂട്ടറോ ഫോണോ കൂടിയേതീരൂ എന്ന മക്കളുടെ ശാഠ്യത്തിനു

www.malankaralibrary.com




വഴങ്ങാൻ ന്യൂജെൻ മാതാപിതാക്കളും നിർബന്ധിതരായി. മാതാപിതാക്കളുടെയോ മുതിർന്നവരുടെയോ സാന്നിധ്യത്തിലേ ഇവ കുട്ടികൾ ഉപയോഗിക്കാവൂ എന്ന ഉപദേശനിർദേശങ്ങളും ജലരേഖയായിമാറി!

കൊറോണയെന്ന പകർച്ചവ്യാധി നാടെങ്ങും പടർന്നുപിടിച്ചതോടെ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ അവതാളത്തിലായി. ഓൺലൈൻ ക്ലാസുകളിലൂടെയുള്ള പഠനാവശ്യത്തിനായി സ്മാർട്ട്ഫോൺ കൂടിയേതീരൂ എന്ന നിലവന്നു. സ്മാർട്ട് ഫോൺ കുട്ടികൾ യഥേഷ്ടം ഉപയോഗിക്കുന്നതിനു നിയന്ത്രണം ഏർപ്പെടുത്തിയിരുന്നവർപോലും നിസ്സഹായതയോടെ പുതിയ സാഹചര്യത്തിനു വഴങ്ങി. ക്ലാസ്സുകളിൽ പോയിരുന്ന് ഗുരുമുഖത്തുനിന്ന് അറിവുനേടുന്നതിനുള്ള സാഹചര്യം ഇല്ലാതാവുകയും ഓൺലൈൻ ക്ലാസുകൾ വ്യാപകമാകുകയും ചെയ്തു.

വിജയശതമാനം കൂട്ടുക എന്ന സർക്കാർനയം കുറേ മുമ്പുതന്നെ പഠനനിലവാരത്തിന്റെ തകർച്ചയ്ക്കു വഴിമരുന്നിട്ടിരുന്നു. ഓൺലൈൻ ക്ലാസുകളുടെ പരിമിതികൾകൂടി അനുഭവിക്കേണ്ടിവന്നതോടെ വിദ്യാഭ്യാസമേഖലയ്ക്കാകെ തളർച്ച സംഭവിച്ചു.

ഓൺലൈൻ ക്ലാസ്സുകൾക്കപ്പുറത്ത് സൈബർ ലോകം വിരിക്കുന്ന വലയിൽ കുടുങ്ങിപ്പോയ കൗമാരങ്ങൾ ഓൺലൈൻ ഗ്രൂപ്പുകളുടെ സൗഹൃദങ്ങളിൽ ആകൃഷ്ടരായി. മാതാപിതാക്കളോടോ ഗുരുജനങ്ങളോടോ കൂട്ടുകാരോടോ മാനസികമായി, കാര്യമായ അടുപ്പമോ ആത്മാർഥതയോ ഇല്ലാതായിപ്പോയ വിദ്യാർഥികളുടെ സമൂഹമാണ് ഇന്നിന്റെ ഏറ്റവും വലിയ ദുഃഖം. പഠിക്കാൻ അതിസമർഥരായിരുന്ന കുട്ടികളിൽ പലരും പഠനത്തിൽ അലസരായി മാറി. അരുതുകളുടെ അതിരുകൾ നഷ്ടപ്പെട്ടതോടൊപ്പം അമിതമായ സ്വാർഥചിന്തയും അവരിൽ മുളപൊട്ടി വളർന്നു.

യാഥാർഥ്യബോധം നമ്മുടെ കുട്ടികൾക്ക് നഷ്ടമായതിന്റെപേരിൽ അവരെ പഴിക്കുന്നതിൽ അർഥമില്ല. വിദ്യാഭ്യാസാവകാശസംരക്ഷണ നിയമത്തിന്റെ പരിരക്ഷയിൽ ശിക്ഷകൾക്കൊക്കെ അതീതരാണ് തങ്ങൾ എന്ന ബോധം കുട്ടികൾക്കുണ്ടായതിൽ അവരെ കുറ്റപ്പെടുത്തുന്നതും ശരിയല്ല. എങ്ങും എവിടെയും വിജയം മാത്രമേ അവർ അറിഞ്ഞിട്ടുള്ളൂ. ഇല്ലായ്മകളോ വല്ലായ്മകളോ അനുഭവിച്ചറിയേണ്ട സാഹചര്യം ഉണ്ടായിട്ടില്ലാത്തവരാണല്ലോ അവർ. വേണ്ട സമയത്ത് തിരുത്തലുകൾക്കൊന്നും വിധേയരാകേണ്ടിവന്നിട്ടില്ല അവർക്ക്. മത്സരവേദികളിലെ വിധികർത്താക്കൾപോലും അവരുടെ കഴിവുകൾ അതുല്യമാണെന്നു പുകഴ്ത്തിപ്പറയുന്നതേ അവർ കേട്ടിട്ടുള്ളൂ! പ്രകൃതിയോടിണങ്ങിയുള്ള ജീവിതം നമ്മുടെ പുതുതലമുറയ്ക്ക് അന്യമായത് അവരുടെമാത്രം കുറ്റംകൊണ്ടല്ല.

കുടുംബബന്ധങ്ങൾ കൂടുതൽ ദൃഢവും ഊഷ്മളവുമാകുമ്പോൾ സ്ഥിതിഗതികൾ മെച്ചപ്പെടാം. അധ്യാപകരും വിദ്യാർഥികളും തമ്മിലുണ്ടാകേണ്ട ബന്ധവും കൂടുതൽ സൗഹാർദപരവും ആത്മാർഥവുമാകേണ്ടതുണ്ട്. അവകാശങ്ങളെക്കുറിച്ചുമാത്രം അനവരതം ഉദ്ബോധിപ്പിക്കപ്പെടുന്നവരാകാതെ, കടമകളെയും ഉത്തരവാദിത്വങ്ങളെയുംകുറിച്ച് യഥാവിധി ബോധ്യങ്ങൾ ലഭിക്കാൻ അവർക്ക് അവസരങ്ങൾ ലഭ്യമാകണം. സാമൂഹിക പ്രതിബദ്ധത എന്താണെന്ന് അവർ അറിയണം. ചിരിക്കാനും സന്തോഷിക്കാനും മാത്രമല്ല കരയാനും നമ്മുടെ കുട്ടികൾ അറിഞ്ഞിരിക്കണം. വിജയംമാത്രമാണ് ജീവിതത്തിലുള്ളത് എന്ന അബദ്ധധാരണയിൽനിന്ന് അവർ വിമോചിതരാകണം. പരാജയവും ജീവിതത്തിന്റെ അവിഭാജ്യഘടകമാണെന്ന യാഥാർഥ്യം അനുഭവത്തിലൂടെ അവർ അറിയട്ടെ. ഇക്കാര്യങ്ങളിലെല്ലാം വഴികാട്ടികളായി അവർക്കു മുമ്പിൽ നടക്കേണ്ടത് വിവേകമതികളായ മാതാപിതാക്കളും ഗുരുജനങ്ങളുമാണ്; വിവേകത്തോടെ കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ ഇടപെടേണ്ടവരും നിയമനിർമാണം നടത്തേണ്ടവരും ഭരണകർത്താക്കളുമാണ്. ■

www.malankaralibrary.com

# ചേർത്തുപിടിക്കാം നല്ലതിനെ

**പ്രതിഭയും പ്രസാദവും ചേരുമ്പോഴാണ് ജീവിതം പക്വതയാർജിക്കുന്നത്. ആ വെളിച്ചമാണ് തലമുറകൾക്ക് ദിശാബോധം നല്കുന്നത്. കാലഘട്ടങ്ങൾക്കും കാഴ്ചപ്പാടുകൾക്കുമുണ്ടായ മൂല്യശോഷണത്തിന്റെ കാര്യകാരണങ്ങൾ പരിശോധിക്കുകയാണ് ലേഖകൻ.**



ഫാ. ജോർജ് പറമ്പിൽത്തടത്തിൽ
*അധ്യാപകൻ,*
*സെന്റ് അഗസ്റ്റിൻസ്*
*ഹയർ സെക്കണ്ടറി സ്കൂൾ, രാമപുരം*
*9447809396*

*'ചിന്ത വിതയ്ക്കുക*
*പ്രവൃത്തി കൊയ്യുക.*
*പ്രവൃത്തി വിതയ്ക്കുക*
*ശീലങ്ങൾ കൊയ്യുക.*
*ശീലങ്ങൾ വിതയ്ക്കുക*
*സ്വഭാവം കൊയ്യുക.*
*സ്വഭാവം വിതയ്ക്കുക*
*ഭാവി ഭാഗധേയം കൊയ്യുക'*

*Ralph Waldo Emerson*

ശീലങ്ങളുടെ പ്രാധാന്യത്തെ എടുത്തു കാണിക്കുന്ന വളരെ പ്രശസ്തമായ കുറിപ്പാണിത്. ജനസാമാന്യത്തിന്റെ ഭൗതിക ജീവിതത്തെ സമഗ്രമായി ബാധിച്ച കോവിഡ് മഹാമാരി ആധ്യാത്മിക/ആചാരാനുഷ്ഠാന തലങ്ങളെയും വെറുതെ വിട്ടില്ല. ഒപ്പം, തലമുറകൾതോറും കൈമാറിവന്ന നല്ല ശീലങ്ങളിൽ പലതും കൈമോശം വന്നിരിക്കുന്നു. ഇത്തരത്തിലുള്ള ക്രമഭംഗങ്ങൾ ഏറ്റവും ദോഷകരമായി ബാധിച്ചവരാണ് കുട്ടികളും കൗമാരക്കാരും യുവാക്കളുമൊക്കെ.

## പിഴവുകൾ സംഭവിച്ചുവോ?

ഒരു പരിധിവരെ നമ്മുടെ സമൂഹത്തിൽ ശീലങ്ങളുടെ ക്രമം നിശ്ചയിക്കുന്നതിൽ മതങ്ങൾക്ക് നിർണായകമായ പങ്കുണ്ട്. അത്തരത്തിൽ രൂപപ്പെടുന്ന ശീലങ്ങളുടെ ക്രമം പാലിക്കുന്നതിലൂടെ മനുഷ്യജീവിതത്തിന് അടിസ്ഥാനമായ സ്വസ്ഥതയും മനശ്ശാന്തിയും ലഭിക്കുന്നു.ചോദ്യം ചെയ്യാനും വെല്ലുവിളിക്കാനും വേണ്ടിവന്നാൽ നേരിട്ടെതിർക്കാനുമുള്ള ആവേശം നിറഞ്ഞു നിൽക്കുന്ന ഘട്ടം.

എന്തിനെയും ഉൾക്കൊള്ളാൻ ബാല്യ-കൗമാരകാലത്തിനു സാധിക്കുമെങ്കിലും വളർന്നു വരുന്തോറും കാര്യങ്ങളെ കൂടുതൽ യുക്തിഭദ്രമാക്കാൻ

www.malankaralibrary.com



കടപ്പാട്: സയൺ പബ്ലിക് സ്കൂൾ, സ്വരാജ്, കട്ടപ്പന

ശ്രമിച്ചുകൊണ്ടേയിരിക്കും. അതിനാലാണ് കാണുകയും കേൾക്കുകയും ചെയ്യുന്ന എല്ലാറ്റിനെയും അപ്പാടെ വിഴുങ്ങാതെ ചോദ്യം ചെയ്യാനുള്ള പ്രവണത യുവജനങ്ങളിൽ കൂടുതലായി കണ്ടുവരുന്നത്. ഇന്നലെവരെ അഭ്യസിച്ചിരുന്നതും പിൻതുടർന്നിരുന്നതുമായ പലതിലും വേണ്ടത്ര / ശരിയായ അർഥം കണ്ടെത്താനാകാതെ വരുമ്പോൾ എതിർക്കാനും ചോദ്യം ചെയ്യാനുമുള്ള ത്വര കുട്ടികളിലും ചെറുപ്പക്കാരിലുമൊക്കെ തീവ്രമാകുന്നു. അതായത്, പാരമ്പര്യങ്ങളുടെയും വിശ്വാസത്തിന്റെയുമൊക്കെ രൂപത്തിൽ ചെറുപ്പകാലംമുതൽ വേണ്ടത്ര ബോധ്യമില്ലാതെ പാലിച്ചതും അനുഷ്ഠിച്ചിരുന്നതുമായ പലതിനെയും യുക്തിയുടെ ഉരകല്ലിൽ പരിശോധിച്ച് വ്യക്തത വരുത്താനുള്ള വാശി! അതു പക്ഷെ, അനുഭവങ്ങളുടെയും ശരിയായ അറിവിന്റെയുമൊക്കെ അഭാവത്തിലാകുമ്പോൾ തെറ്റായ നിഗമനങ്ങളിലേക്കും ശീലങ്ങളിലേക്കുമൊക്കെ നയിക്കുമെന്നു മാത്രം.

ഈയൊരു തലത്തിൽ നിന്നുകൊണ്ടു വേണം കഴിഞ്ഞ രണ്ടു വർഷത്തെ അനുഭവങ്ങളും ഇനിയുള്ള ജീവിതവും എങ്ങനെയായിരിക്കണമെന്ന് നിശ്ചയിച്ചുറപ്പിക്കേണ്ടത്. നമ്മുടെ ജീവിതത്തിൽ നാം അനുവർത്തിച്ചിരുന്ന പല നല്ല ശീലങ്ങളും മൂല്യബോധവുമൊക്കെ നഷ്ടപ്പെട്ട/ശക്തി ക്ഷയിച്ച സ്ഥിതിയിലായോ? മറ്റുള്ളവരെ കേൾക്കാൻ, അവർക്കായ് സമയം ചെലവഴിക്കാൻ, കൂട്ടുകൂടാൻ .... ഒക്കെ മടി തോന്നുന്നുവോ? പകരം കൈക്കുടന്നയിലൊളിപ്പിച്ചിരിക്കുന്ന ഫോണിലൂടെയുള്ള അടക്കിപ്പിടിച്ച സംഭാ

www.malankaralibrary.com

ഷണത്തിലൂടെയും സാമൂഹ്യ മാധ്യമ സമ്പർക്കത്തിലൂടെയുമൊക്കെയുള്ള ബന്ധങ്ങൾ മാത്രമാണോ നമുക്കുള്ളത്?

## ക്ലാസ്സ് മുറികൾ സ്മാർട്ടാകണം

സ്മാർട്ടായ /ആഹ്ലാദകരമായ ക്ലാസ്സ്റൂം സാഹചര്യങ്ങൾ തിരികെ പിടിക്കാൻ ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും. ഒന്നാമതായി, അപകർഷതാബോധം (Inferiority complex) നിയന്ത്രിക്കുക എന്നതാണ്. കോവിഡ് കാലത്ത് അടച്ചിട്ട മുറികളിലിരുന്ന് വിദ്യ അഭ്യസിച്ചപ്പോൾ നമ്മുടെ കുഞ്ഞുങ്ങൾക്ക് നഷ്ടമായത് 'ചുമടുകൾ' എന്ന് അവർ സ്വയം വിശ്വസിച്ചിരുന്ന ഭാരങ്ങൾ ഇറക്കി വയ്ക്കാനുള്ള ചുമലുകളാണ്. പലപ്പോഴും കുട്ടികളുടെ അപകർഷതാബോധവും ആത്മവിശ്വാസക്കുറവുമൊക്കെ പരിഹരിക്കപ്പെടുന്നത് കൂട്ടുകാരോടും അധ്യാപകരോടുമൊക്കെയുള്ള നിമിഷങ്ങളിലൂടെയാണ്. 'നീ ഇന്ന് ക്ലാസ്സിൽ ഉറക്കെ വായിച്ചത് നന്നായിരുന്നു' എന്ന കൂട്ടുകാരന്റെ, കൂട്ടുകാരിയുടെ ഒറ്റ വാചകംപോലും മറ്റൊരു മുഖത്ത് സന്തോഷവും കണ്ണുകളിൽ തിളക്കവും കൈവരുത്താനുള്ള മാന്ത്രിക ശേഷിയുള്ള ഇടമാണ് ക്ലാസ്സ്റൂമുകളെന്ന് തിരിച്ചറിയുക!

അവിടെയുണ്ടാകുന്ന കൊച്ചു കൊച്ചു പിണക്കങ്ങളെക്കാൾ, വാശികളെക്കാൾ, പരസ്പരമുള്ള പിന്താങ്ങലുകൾക്ക്, വളർത്തലുകൾക്ക് സാധിക്കുന്നിടത്താണ് ക്ലാസ്സ് റൂമുകൾക്ക് ജീവൻ വയ്ക്കുന്നത്.

രണ്ടാമതായി ശ്രദ്ധിക്കേണ്ടമേഖലയാണ് ആശയ വിനിമയം (communication). കോവിഡ് കാലം കുട്ടികളുടെ ആശയവിനിമയശേഷിയെ സാരമായി ബാധിച്ചു എന്നു പറയാതെ വയ്യ.

ക്ലാസ്സ് റൂമിൽ ഒരു ചോദ്യത്തിന് ഉത്തരം പറയുമ്പോൾ, അത് തെറ്റാണെങ്കിലും ശരിയാണെങ്കിലും ഒരു കുട്ടി ആർജിക്കുന്ന കഴിവുകൾ നിരവധിയാണ്. ഒരു കൂട്ടം ആളുകൾക്കിടയിൽ സഭാകമ്പമില്ലാതെ സംസാരിക്കാൻ, വ്യക്തമായി ആശയങ്ങൾ കൈമാറാൻ, മനസ്സിലുള്ളത് ഓർമിച്ചെടുക്കാൻ, വാക്കുകൾ പിഴച്ചാലും ആ നാണക്കേടിനെ അതിജീവിക്കാൻ. അങ്ങനെ എന്തെല്ലാം....? അധ്യാപകർ നൽകുന്ന പിന്തുണ.. അതെത്ര വലുതാണ്?

സമൂഹം പല തരക്കാർ നിറഞ്ഞതാണെങ്കിലും അധ്യാപക/ വിദ്യാർഥി ബന്ധത്തെ അവഹേളിച്ചും നിസ്സാരവൽക്കരിച്ചും ഗുരു ശിഷ്യ ബന്ധത്തിന്റെ പവിത്രത ചോദ്യം ചെയ്യപ്പെടുന്നിടത്ത് കുട്ടികളുടെ ഒറ്റപ്പെടൽ ആരംഭിക്കുന്നു. 'ഇന്നെന്തു പറ്റി, മുഖം വാടിയിരിക്കുന്നല്ലോ?' അല്ലെങ്കിൽ 'രാവിലെ ഭക്ഷണം കഴിച്ചോ , ഇന്നെന്താണ് കഴിച്ചത്...?' എന്ന അധ്യാപകന്റെ/ അധ്യാപികയുടെ സ്നേഹപൂർണമായ ഒരു ചോദ്യത്തിൽ സുരക്ഷിത ബോധമുള്ളവരായിത്തീരുന്ന അനേകം കുഞ്ഞുങ്ങളുള്ള കാലമാണിത്.

കോവിഡ് കാലത്തെ ഓൺലൈൻ ക്ലാസ്സുകളിൽ മുഖമില്ലാതെയും ശബ്ദമില്ലാതെയുമിരുന്ന് സമയം തള്ളി നീക്കിയ കുട്ടികൾ അരക്ഷിതരായി മാറിപ്പോയത് നാം കാണാതെ പോകരുത്. മൂന്നാമതായി, കുട്ടികളുടെ പെരുമാറ്റത്തിലുണ്ടായ വ്യത്യാസങ്ങളാണ് (Behavioural changes). വീടിനകത്തുപോലും പങ്കുവയ്ക്കലും തുറന്നു സംസാരവുമില്ലെന്നായിരിക്കുന്നു ഫലമോ? തന്നിലേക്കു മാത്രമൊതുങ്ങുന്ന, തൻ കാര്യം മാത്രം നോക്കുന്ന ഒരു ഏകാധിപതിയുടെ മനോനിലയിലേക്ക് കുട്ടികളെത്തിച്ചേർന്നിരിക്കുന്നു. പിന്നെയുള്ളതാകട്ടെ ....'ഇ'-ലോകമാണ്. ആര് ആരെയാണ് വിശ്വാസത്തിലെടുക്കേണ്ടത്?

ഇതുപോലെതന്നെ പ്രധാനപ്പെട്ടതാണ് പരസ്പര ബഹുമാനം (Mutual Respect). ജീവിത വിജയം നേടണമെങ്കിൽ ലാളിത്യവും എളിമയും ശീലമാക്കുന്നതിനൊപ്പം പരസ്പര ബഹുമാനത്തോടെ ഇടപെടാനും പഠിക്കേണ്ടിയിരിക്കുന്നു. നമ്മെക്കാൾ എത്ര ചെറിയ ആളോടാണ് ഇടപെടുന്നത് എന്ന തോന്നൽ മനസ്സിലുണ്ടായാലും അയാൾക്ക് അർഹിക്കുന്ന ബഹുമാനം നൽകാൻ മറക്കരുത്. പ്രത്യേകിച്ച് അധ്യാപകരുമായി സ്നേഹോഷ്മള ബന്ധം നിലനിർത്തുന്നതിൽ അതീവ ശ്രദ്ധ പുലർത്താനുള്ള ഇടമാണ് ക്ലാസ്സ് മുറികൾ എന്നു മറക്കാതിരിക്കുക.

## നവലോക സൃഷ്ടി

കോവിഡിനു ശേഷമുള്ള ക്ലാസ്സ്മുറികൾ എന്ന സങ്കല്പം ഏതു രീതിയിൽ പൂവണിയുമെന്ന് ഉറപ്പില്ലെങ്കിലും അധ്യാപകരും രക്ഷിതാക്കളും പൊതുസമൂഹവും ഏറെ കരുതേണ്ട കാലമാണിത്. ഒരു പക്ഷെ, മാതാപിതാക്കളെക്കാൾ കുഞ്ഞുങ്ങളുടെ വളർച്ച നോക്കിക്കാണുകയും വിലയിരുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരാണ് അധ്യാപകർ. എന്നിരുന്നാലും ആ കരങ്ങളുടെ കരുതൽ വേണ്ടത്ര അളവിൽ ലഭിക്കാതെ പോയ ദിനങ്ങളാണ് കടന്നു പോയത്. അതുകൊണ്ടുതന്നെ വളർച്ച മുരടിച്ചു നിൽക്കുന്ന ചെടിയെപ്പോലെയാണ് ഇനിയുള്ള ദിനങ്ങളിൽ ക്ലാസ്സ് മുറികളിലേക്കെത്തിച്ചേരുന്ന കുട്ടികളും! ■

www.malankaralibrary.com


# സൈബർ ലോകം വാതിലുകൾ തുറക്കുമ്പോൾ

ഏതൊരു കാര്യത്തിലും നന്മയും തിന്മയും ഉള്ളതുപോലെ ഈ രംഗത്തും നന്മതിന്മകളുടെ പ്രസരണമുണ്ട്. എന്നാൽ, സൈബർ രംഗത്ത് അതീവജാഗ്രതയോടും ശ്രദ്ധയോടുംകൂടെ ഇടപെട്ടില്ലെങ്കിൽ കുട്ടികൾ അഴിയാകുരുക്കുകളിൽ വീഴുന്നതിന് സാധ്യതകൾ ഏറെയാണ്. കുട്ടികൾ ചെന്നുചാടാവുന്ന ചതിക്കുഴികളുടെ ആഴം വെളിപ്പെടുത്തുന്നതോടൊപ്പം സ്മാർട്ട്ഫോൺ ഉപയോഗത്തിൽ കുട്ടികളിൽ വരുത്തേണ്ട നിയന്ത്രണങ്ങളെക്കുറിച്ചും സൈബർക്രൈം അന്വഷണരംഗത്തെ ഉദ്യോഗസ്ഥൻ പ്രതികരിക്കുന്നു.




സജീവ് മണക്കാട്ടുപുഴ
***അസി. സബ് ഇൻസ്പെക്ടർ***
***ക്രൈംബ്രാഞ്ച്, പത്തനംതിട്ട***
*73064 89432*

ഗുണങ്ങൾ പോലെ ദോഷങ്ങളും നിറഞ്ഞതാണ് സൈബർ ലോകം. ഇന്റർനെറ്റിന്റെ അനന്ത സാധ്യതകൾ അവിടെ തുറന്നിടപ്പെടുന്നു. ഉപയോഗം ദുരുപയോഗത്തിലേക്ക് പരിണമിക്കുന്ന അനുഭവങ്ങൾ കേട്ടുതുടങ്ങി. തങ്ങളുടെ ഫോൺ മക്കൾ എടുക്കുന്നത് കാണുമ്പോൾ എന്തിന് എടുത്തു എന്ന് ചോദിച്ചിരുന്ന മാതാപിതാക്കൾ 'ഫോൺ എടുക്കുന്നില്ലേ, പഠിക്കുന്നില്ലേ?' എന്ന് ചോദിച്ചുകൊണ്ട് വഴക്കുപറയുന്ന നിലയിലേക്ക് കാര്യങ്ങളെത്തി. പക്ഷെ, അത്ഭുതലോകത്തിലെ ആലീസിന്റെ അവസ്ഥയിലേക്ക് എത്തിക്കഴിഞ്ഞിരുന്നു കുട്ടികൾ. അവരെ ജിജ്ഞാസയുടെയും കൗതുകത്തിന്റെയും പരമകാഷ്ഠയിലെത്തിക്കുകയായിരുന്നു സൈബർ ലോകം. പഠനവേളകളിൽ മോണിറ്ററിൽ ഓടിപ്പോകുന്ന ദൃശ്യങ്ങളിലെ ലിങ്കുകളിൽ അവരുടെ വിരലുകൾ വർധിത ആകാംക്ഷയാൽ പലപ്പോഴും അമർന്നു. അവിടെ ഉപയോഗത്തിനേക്കാൾ ദുരുപയോഗസാധ്യതയേറി. പലപ്പോഴും ഒന്നുമറിയാതെ പോയ മാതാപിതാക്കൾ, മക്കൾ പഠനത്തിൽ മുഴുകിയിരിക്കുകയാണെന്ന് തെറ്റുധരിച്ചു.

## ഇന്റർനെറ്റ് ദുരുപയോഗം

പഠനത്തിന്റെ താളം തെറ്റിച്ചുകൊണ്ട്, വ്യത്യസ്ത സൈറ്റുകളിലെ സഞ്ചാരം കുട്ടികൾ നടത്തി, മാത്രമല്ല സാമൂഹിക മാധ്യമങ്ങളിൽ മാതാപിതാക്കൾ അറിഞ്ഞും അറിയാതെയും അവർ അക്കൗണ്ട് എടുക്കാൻ തുടങ്ങി. കുട്ടികളെ സംബന്ധിച്ചിടത്തോളം ഒട്ടും ആവശ്യമില്ലാത്ത ഒന്നാണ് ഈ പ്ലാറ്റ്ഫോമുകൾ എന്നതാണ് വാസ്തവം. പഠനാവശ്യങ്ങൾക്കായുള്ള സെർച്ചുകൾ നടത്തേണ്ടിവരും എന്നത് മനസ്സിലാക്കാം. പക്ഷെ അതിനപ്പുറമുള്ള 'അന്വേഷണങ്ങൾ' ആശാസ്യമല്ല. ഫേസ്ബുക്കിന്റെ നിയമമനുസരിച്ച് 13 വയസായാൽ കോൺട്രാക്ട് വ്യവസ്ഥയിൽ അംഗമാ

www.malankaralibrary.com




കാം. പക്ഷെ, ഇന്ത്യയിൽ ഇത് 18 വയസ്സാണ്. നമ്മുടെ രാജ്യത്ത് ഇക്കാര്യത്തിൽ വ്യാപകമായ നിയമലംഘനം നടക്കുന്നുണ്ടെന്ന് ഉറപ്പാണ്. കാരണം, നന്നേ ചെറിയ പ്രായക്കാരും സാമൂഹിക മാധ്യമ സംവിധാനങ്ങളായ ഫേസ്ബുക്കും വാട്സാപ്പും ട്വിറ്ററുമൊക്കെ യഥേഷ്ടം ഉപയോഗിക്കുന്നു എന്നതുതന്നെ.

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ അക്കൗണ്ടുകൾ എടുത്ത കുട്ടികൾ പുതിയ സുഹൃത്തുക്കളെ കണ്ടെത്താനും അതിലൂടെ പൊങ്ങച്ചം കാട്ടാനും വെമ്പൽ കൊണ്ടു. പക്വതയും ചിന്താശേഷിയുമില്ലാതെ അവർ കണ്ണിൽകണ്ട സുന്ദര പ്രൊഫൈൽ ചിത്രങ്ങൾക്ക് നേരേ കണ്ണെറിഞ്ഞു, അപരിചിതരായ വ്യക്തികൾ കഴുകൻ കണ്ണുകളുമായി തെരഞ്ഞുനടന്നു. ക്രിമിനൽ മനോഭാവമുള്ളവരെ തിരിച്ചറിയാനുള്ള ബോധമില്ലാത്ത കുട്ടികൾ കണ്ണടച്ച് വിശ്വസിച്ച് ഒരു പരിചയമില്ലാത്തവരെയും സുഹൃത്തുക്കളാക്കി. അവരുമായി ആശയവിനിമയത്തിന് മുതിർന്നു. വ്യക്തിവിവരങ്ങൾ, ചിത്രങ്ങൾ ഒക്കെ ആകാംക്ഷയാലും ആവേശത്താലും കൈമാറ്റം ചെയ്തു. പലർക്കും ഇരയിട്ടിട്ടു, കൊത്തുന്നത് നോക്കിയിരുന്ന സൈബർലോകത്തെ ക്രിമിനലുകൾ ചിലരെയെങ്കിലും പാട്ടിലാക്കി. ചാറ്റിങ്ങും കൈമാറ്റവും മുറുകി, പ്രണയലോകത്തേക്ക് എടുത്തെറിയപ്പെടുന്ന കൗമാരക്കാർ ഇന്നലെ പരിചയപ്പെട്ടവന്റെ ഒപ്പം ഇന്ന് ഇറങ്ങിപ്പുറപ്പെടുന്ന അവസ്ഥ ഉണ്ടായി.

മറ്റൊന്ന് ഗെയിമുകളാണ്, അതിമാനുഷരായ നിലയിൽ അവയിലെ കഥാപാത്രങ്ങളെ കുട്ടികൾ മനസ്സിൽ പ്രതിഷ്ഠിക്കുന്നു. പ്രതികാരദാഹികളാണ് ഇവയിലെ കഥാപാത്രങ്ങൾ അധികവും. മുമ്പിൽ വരുന്നവരെയെല്ലാം കൊന്നുതള്ളി മുന്നേറുന്ന നായകൻ. അപ്രകാരം ചെയ്യുന്നതുകാണുമ്പോൾ കുട്ടികൾ അനുഭവിക്കുന്ന സമാധാനവും സന്തോഷവും പ്രകടമാണ്. പ്രതികാരമനോഭാവം കുട്ടികളിൽ സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന് നിസ്സംശയം പറയാം. പബ്ജി പോലുള്ള ഗെയിമുകൾ ഇന്ത്യയിൽ നിരോധിച്ചത്, അതിലെ ഇത്തരം അപകടം മുന്നിൽ കണ്ടുകൊണ്ടാണ്. എങ്കിലും രൂപഭാവങ്ങൾ മാറ്റിയ ഗെയിമുകൾ ഇപ്പോഴും ഇന്റർനെറ്റിൽ സുലഭമാണ്, കുട്ടികൾ കളിക്കുന്നുമുണ്ട്. ഭക്ഷണവും വെള്ളവും ഉപേക്ഷിച്ച് മണിക്കൂറുകളോളം ഗെയിമുകൾ കളിക്കുന്ന കുഞ്ഞുങ്ങൾ വലിയ ആപത്തിലേക്കാണ് നീങ്ങുന്നത്.

വ്യക്തിത്വം നഷ്ടപ്പെട്ട് ഒരുതരം അടിമത്ത്വത്തിലേക്ക് കുട്ടികളെ പരോക്ഷമായി എത്തിക്കുകയാണ് ഗെയിമുകൾ ചെയ്യുന്നത്. കഞ്ചാവ്, മദ്യം തുടങ്ങിയ

www.malankaralibrary.com

ലഹരികൾക്ക് അടിപ്പെടുന്നവരെപ്പോലെ ചിലപ്പോഴെങ്കിലും കുട്ടികൾ മാറിപ്പോകാറുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങളോടും വസ്തുക്കളോടും അമിതമായ ആഭിമുഖ്യമുള്ള കുട്ടികളെ ശരിക്കും സൈബർ അടിമത്ത്വമുള്ളവരായി കരുതാം. ഈ അവസ്ഥയെ 'ക്ലപ്റ്റോമാനിയ' എന്ന് വിളിക്കുന്നു. ഈ അവസ്ഥക്ക് ഒരുകാരണം കമ്പ്യൂട്ടർ ഗെയിമുകളാണ്. പെരുമാറ്റവൈകല്യം, പഠനവൈകല്യം, ദേഷ്യം, ഒറ്റപ്പെടൽ, അന്തർമുഖത്വം, അസ്വസ്ഥത തുടങ്ങി നിരവധി പ്രശ്നങ്ങൾ ഇവരെ പിടികൂടും. ഈ അവസ്ഥയിൽ കൗൺസിലിങ് നൽകേണ്ടിവരും, രൂക്ഷമാകുന്ന സാഹചര്യങ്ങളിൽ മാനസിക രോഗ വിദഗ്ധന്റെ സേവനം തേടേണ്ടിവരും.

യൂട്യൂബ് ആയാലും സേർച്ച് ചെയ്യുന്ന ബ്രൗസറുകൾ ആയാലും ചോദിക്കുന്നത് എന്തും തരുന്ന മായികലോകമാണ് ഇന്റർനെറ്റ് പഠനമെന്നുപറഞ്ഞ് അടച്ചിട്ട മുറികളിൽ തങ്ങുന്ന കുട്ടികൾ മണിക്കൂറുകളോളം എന്തുചെയ്യുന്നു എന്ന് മിക്ക രക്ഷാകർത്താക്കളും അന്വേഷിക്കാറില്ല. ഒരുപാട് കുട്ടികൾ അശ്ലീല സൈറ്റുകളുടെ സന്ദർശകരായി മാറി ഈ കാലഘട്ടത്തിൽ എന്നത് നിഷേധിക്കാനാവില്ല. വികലമായതും പ്രകൃതി വിരുദ്ധമായതും പക്വതയില്ലാത്തതുമായ ലൈംഗിക ചിന്താഗതികൾ സൃഷ്ടിക്കപ്പെടുകയും എതിർലിംഗത്തിൽ പെട്ടവരോട് അപമര്യാദയായി പെരുമാറുന്നതിലും ലൈംഗികമായ കടന്നാക്രമണത്തിന് മുതിരുന്നതിനും ഇടവയ്ക്കുന്നു. ഇത്തരത്തിൽ കുറ്റവാളികളാകുന്ന അനേകം കുട്ടികൾ നമ്മുടെ സമൂഹത്തിൽ ഉണ്ട് എന്നത് സത്യമാണ്.

## സൈബർ കുറ്റകൃത്യങ്ങൾ

കമ്പ്യൂട്ടറുമായോ, കമ്പ്യൂട്ടർ ശ്യംഖലയുമായോ ബന്ധപ്പെട്ട കുറ്റകൃത്യങ്ങളാണ് സൈബർ കുറ്റകൃത്യങ്ങൾ. സൈബർ കുറ്റകൃത്യങ്ങൾ രണ്ടുവിധമുണ്ട്, ഒന്ന് കമ്പ്യൂട്ടർ ലക്ഷ്യമാക്കിയുള്ളത്. അടുത്തത് കമ്പ്യൂട്ടറിന്റെ സഹായത്തോടെയുള്ളത്. വൈറസുകളെ സോഫ്റ്റ്‌വെയറിൽ കടത്തിവിടുക, ഹാക്കിങ് എന്നിങ്ങനെയുള്ള കുറ്റങ്ങൾ ആദ്യ ഗണത്തിൽ പെടുന്നു. ക്രെഡിറ്റ് കാർഡ് വഴിയുള്ള തട്ടിപ്പുകൾ, അശ്ലീല ചിത്രങ്ങൾ, വീഡിയോകൾ, വിവരങ്ങൾ തുടങ്ങിയവയുടെ പ്രചാരണം, കൈവശം സൂക്ഷിക്കൽ, ഡൗൺലോഡ് ചെയ്യൽ, സൈബർ തീവ്രവാദം, ഫിഷിങ് തുടങ്ങി നിരവധി കുറ്റങ്ങൾ രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നു.

കമ്പ്യൂട്ടർ ഹാക്ക് ചെയ്ത് വിവരങ്ങൾ ചോർത്തുക, ചോർത്തിയവ സ്വീകരിക്കുക, വ്യക്തിഗത വിവരങ്ങൾ ചോർത്തുക, അശ്ലീലമായ ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുക തുടങ്ങിയ സൈബർ കുറ്റകൃത്യങ്ങൾ ഉണ്ടായാൽ ഐ ടി നിയമം പ്രയോഗിക്കാം. കുട്ടികൾക്കെതിരെ സൈബർ കുറ്റകൃത്യങ്ങൾ ഉണ്ടായാൽ അടുത്തുള്ള പൊലീസ് സ്റ്റേഷനിലോ, സൈബർ സെല്ലിലോ പരാതി നൽകാം.

കുട്ടികളുമായി ഓൺലൈൻ ചങ്ങാത്തം സ്ഥാപിക്കുന്ന ക്രിമിനലുകൾ, അവരുടെ വിശ്വാസം പിടിച്ചു പറ്റിയശേഷം ലൈംഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന രീതിയാണ് *ഓൺലൈൻ ഗ്രൂമിങ്.* ഇതിനായി റാക്കറ്റുകൾ തന്നെ പ്രവർത്തിക്കുന്നുണ്ട്. ഇതിന് വിധേയരാവുന്ന കുട്ടികളിൽ 99% വും 13 നും 17 വയസ്സിനു ഇടയിലുള്ളവരാണ്. കൂടുതലും പെൺകുട്ടികളാണ്. ഒരാളോട് അനിഷ്ടമോ വിരോധമോ തോന്നിയാൽ വ്യാജ സാമൂഹിക മാധ്യമ അക്കൗണ്ട് ഉണ്ടാക്കി, അതിലൂടെ കൂട്ടമായി കടന്നാക്രമിക്കുന്ന രീതിയാണ് *സൈബർ ബുള്ളിയിങ്.*

## കുട്ടികൾ അറിയാൻ

കുട്ടികൾക്ക് സാമൂഹിക മാധ്യമങ്ങളിലെ അക്കൗണ്ടുകൾ അത്യാവശ്യമല്ല എന്ന് ആവർത്തിക്കട്ടെ. ഉള്ളവർ, നേരിട്ട് അറിയുന്നവരെ മാത്രം സുഹൃദ് പട്ടികയിൽ ഉൾപ്പെടുത്തുക. അപരിചിതരെന്ന് തോന്നുന്നവരുമായി ചാറ്റ് ചെയ്യരുത്. ഇന്റർനെറ്റിൽ അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ, വീഡിയോ മറ്റ് വിവരങ്ങൾ ഇവയൊന്നും പൂർണസുരക്ഷിതമല്ല എന്നറിയുക. സുരക്ഷാ സംവിധാനം മനസ്സിലാക്കി സാമൂഹിക മാധ്യ മങ്ങൾ ഉപയോഗിക്കുക. കൊള്ളാവുന്ന ആന്റിവൈറസ് ഇൻസ്റ്റാൾ ചെയ്യണം. ശക്തമായ പാസ്സ്‌വേർഡ് ഉപയോഗിക്കേണ്ടതാണ്. ലൈസൻസ് ഉള്ള നല്ല സോഫ്റ്റ്‌വെയറുകൾ മാത്രം ഉപയോഗിക്കുക. വ്യക്തി വിരങ്ങൾ അന്യരുമായി പങ്കുവയ്ക്കാതിരിക്കുക.

പഠനകാര്യങ്ങൾക്ക് ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ മാതാപിതാക്കളുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതാണ്. സർവിസിന് കൊടുക്കേണ്ടിവന്നാൽ മെമ്മറി കാർഡ്, ഹാർഡ് ഡിസ്ക് എന്നിവ തിരികെ വാങ്ങണം. സൗജന്യ ആപ്പുകൾ നല്ല ഉദ്ദേശത്തോടുകൂടിയുള്ളതാവണമെന്നില്ല എന്ന് മനസ്സിലാക്കുക. വിശ്വസ്തത ഉറപ്പിക്കാനാവാത്ത പൊതു വൈഫൈകൾ പ്രയോജനപ്പെടുത്താതിരിക്കുക. നല്ലകാര്യങ്ങൾക്കായി ഇന്റർനെറ്റ് പ്രയോജനപ്പെടുത്തുക.

www.malankaralibrary.com

ഭാഷാപ്രയോഗം മെച്ചപ്പെടുത്താനും ആശയങ്ങൾ രൂപപ്പെടുത്താനും കൂടുതൽ വിവരങ്ങൾ നേടാനും ഈ സംവിധാനങ്ങൾ ഉപയോഗിക്കുക, എഴുതിയതും പ്രസിദ്ധീകരിച്ചതുമായ സൃഷ്ടികളെ കൂടുതലായി ആശ്രയിക്കുക, പാസ്‌വേർഡ് പങ്കുവയ്ക്കാതിരിക്കുക, പാസ്‌വേർഡ് ഉണ്ടാക്കാൻ പേരോ ജനനത്തിയതിയോ ഉപയോഗിക്കാതിരിക്കുക, പോസ്റ്റ് ചെയ്യപ്പെടുന്നവയിലെ അവകാശം നമുക്ക് നഷ്ടപ്പെടുമെന്നും സോഷ്യൽ മീഡിയ ലോകത്ത് അതിനെ ആർക്കും എങ്ങനെയും ദുരുപയോഗം ചെയ്യാനാവുമെന്നും മനസ്സിലാക്കി പോസ്റ്റുകൾ നടത്തുക.

## മാതാപിതാക്കൾ അറിയാൻ

യഥാർഥ ലോകവും സൈബറിന്റെ മായികലോകവും കുട്ടികളെ പറഞ്ഞുമനസ്സിലാക്കികൊടുക്കണം, രണ്ടിന്റെയും വ്യത്യാസം അവർ അറിയട്ടെ. അതിനായി മാതാപിതാക്കൾ ആദ്യം ഇക്കാര്യത്തിൽ അറിവ് നേടണം. യാത്രക്കിടയിൽ അപരിചിതരെ കാണുമ്പോൾ മിണ്ടരുത്, ചിരിക്കരുത് എന്ന് ഉപദേശിക്കും പോലെ സാമൂഹിക മാധ്യമങ്ങളിലും ഈ കരുതൽ വേണമെന്ന് മക്കളെ ഓർമിപ്പിക്കുക. വീട്ടിൽ തിരിച്ചെത്താൻ വൈകരുതെന്ന് നിഷ്കർഷിക്കുന്നതുപോലെ, രാത്രി വൈകിയും ആരുമായും ചാറ്റ് ചെയ്യരുതെന്നും ഉപദേശിക്കുക. കുട്ടികളെ ജാഗ്രതയോടെ നിരീക്ഷിക്കണം. കൗമാരം വളർച്ചയുടെ കാലമാണ്, അപ്പോഴുണ്ടാകുന്ന സ്വാഭാവിക ജൈവിക ശാരീരിക മാറ്റങ്ങൾ മനസ്സിലാക്കി അവരെ സ്നേഹത്തോടെ ഒപ്പം ചേർത്തുനിർത്തി മികച്ച പിന്തുണ നൽകണം. എന്തുപറ്റിയാലും കൂടെ തങ്ങളുണ്ടെന്ന് ധൈര്യം കുട്ടിക്ക് പകർന്നുകൊടുക്കുക. ചതിക്കുഴികളെപ്പറ്റി ബോധവൽക്കരിക്കണം. ഗെയിമുകൾ കളിക്കാൻ സമയം നിശ്ചയിച്ചു നൽകുക. പുത്തൻ സാങ്കേതിക വിവരങ്ങൾ മാതാപിതാക്കൾ അറിഞ്ഞിരിക്കണം. പഠന കാര്യങ്ങൾ സേർച്ച്ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്. ഇടയ്ക്ക് വിശ്രമിക്കാൻ നിർദേശിക്കുക. ആ സമയങ്ങളിൽ പ്രകൃതിയിലേക്കിറങ്ങി ചുറ്റുമുള്ള ചരാചരങ്ങളെ മനസ്സിലാക്കാൻ പ്രോത്സാഹിപ്പിക്കുക. പുറംലോകത്തെ കളികൾ നഷ്ടപ്പെട്ട ഇന്നത്തെ കുട്ടികളെ മണ്ണിലിറങ്ങി നടക്കാനും ചുറ്റുമുള്ളവയെ നിരീക്ഷിക്കാനും പ്രേരിപ്പിക്കുക.

ഇന്റർനെറ്റിലെ ബ്രൗസിങ് ഹിസ്റ്ററി മായ്ച്ച് കളയാനും പ്രൈവസി സെറ്റിംഗ്സ് ഇഷ്ടപ്രകാരം സെറ്റ് ചെയ്യാനും വ്യാജ അക്കൗണ്ടും ഐഡിയും ഉപയോഗിച്ച് ദുരുപയോഗം ചെയ്യാനും കുട്ടികൾ വശമുള്ളവരാണ്. ഇക്കാര്യങ്ങൾ രക്ഷാകർത്താക്കൾ മനസ്സിലാക്കിയിരിക്കണം.കുട്ടികൾ ഉപയോഗിക്കേണ്ട സൈറ്റുകൾ തെരഞ്ഞെടുത്തു നൽകണം. ആരോടൊക്കെ ചാറ്റ് ചെയ്യാം ചെയ്യരുത് എന്ന് പറഞ്ഞു കൊടുക്കണം. ഉപയോഗിക്കുന്ന സൈറ്റുകളിലും ഡിവൈസുകളിലും പേരന്റിംഗ് സേഫ്റ്റി കൺട്രോൾ ഫീച്ചറുകൾ ഇൻസ്റ്റാൾ ചെയ്യണം. കണ്ണുകൾക്കൊപ്പം കാതുകളും മക്കൾക്ക് നൽകുക, എന്നുവച്ചാൽ അവരെ കേൾക്കാൻ സമയം കണ്ടെത്തണമെന്ന് അർഥം.

## ചില കണക്കുകൾ

ദിവസവും ഫേസ്ബുക്കിൽ സമയം ചെലവഴിക്കുന്ന കുട്ടികൾ 53 ശതമാനമാണ്. ട്വിറ്ററിൽ 54 ശതമാനം പേരും സമയം കൊല്ലുന്നു. ഇന്റർനെറ്റ് ഉപയോഗിക്കുന്നവരിൽ പരീക്ഷകൾക്കുവേണ്ടി വിവരശേഖരണം നടത്തുന്നത് 47% മാത്രം. കൗമാരക്കാരിൽ പകുതിയിലധികം പേരും അശ്ലീലം കാണുന്നവരാണ്. അബദ്ധത്തിൽ കാണുന്നവർ 53% പേർ. അശ്ലീലം കാണാൻ വേണ്ടിമാത്രം ഇന്റർനെറ്റ് ഉപയോഗിക്കുന്നവർ 35%. വീട്ടിലെ കമ്പ്യൂട്ടറിൽ കാണുന്നവർ 32 ശതമാനമാണ്. സ്മാർട്ട്ഫോണിലൂടെയാവട്ടെ 45 ശതമാനവും. സൈബർ കുറ്റകൃത്യങ്ങൾ വർഷംതോറും വർധിക്കുകയാണെന്ന് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കണക്കുപ്രകാരം ഇന്റർനെറ്റ്‌വഴി അശ്ലീല വീഡിയോകളും മറ്റും കാണുന്നതും പ്രചരിപ്പിക്കുന്നതും കൂടുതലും മലയാളികളത്രെ. അശ്ലീല പ്രസിദ്ധീകരണങ്ങളിൽ 27% നമ്മുടെ സംസ്ഥാനത്താണ്. കുട്ടികളായ ഇരകളും കുറ്റവാളികളും അശ്ലീല വെബ്സൈറ്റുകൾ വ്യാപകമായി കാണുന്നവരാണ്. കുട്ടികൾ കുറ്റവാളികളാകുന്ന സംഭവങ്ങൾ കേരളത്തിൽ വർധിക്കുകയാണ്. കുട്ടികളുടെ ഇന്റർനെറ്റ് ദുരുപയോഗം അറിയാത്ത മാതാപിതാക്കളാണ് അധികവും, 75% പേർക്കും മക്കളുടെ ഈ ലീലാവിലാസത്തെ കുറിച്ച് ഒരുവിവരവുമില്ല. 79% പേരും മക്കളെ കണ്ണടച്ച് വിശ്വസിക്കുന്നവരാണ്. 61% മാതാപിതാക്കൾക്കും കുട്ടികൾ കമ്പ്യൂട്ടറിൽ എന്ത് ചെയ്യുന്നുവെന്ന സാങ്കേതിക വിവരമില്ല. മക്കളെ ശ്രദ്ധിക്കാൻ നേരം കിട്ടാത്ത രക്ഷാകർത്താക്കൾ 53 ശതമാനമാണ്. ഈ കണക്കുകൾ നമ്മുടെ കണ്ണുതുറപ്പിക്കുന്നവയാവട്ടെ, മാതാപിതാക്കൾ ജാഗരൂകരാവാൻ താമസിക്കരുത് എന്ന് ഓർമപ്പെടുത്തുകയാണ് ഇവ. ■

www.malankaralibrary.com


# ഡിജിറ്റൽ അടിമത്തം

അടിയന്തര ശ്രദ്ധ ആവശ്യമായിരിക്കുന്ന ഒരു മേഖലയാണ് ഡിജിറ്റൽ അടിമത്തം. രുചിയും മണവും ചോദനകളും ചേതനയും നഷ്ടമായ ഒരു തലമുറയല്ല നമുക്കുവേണ്ടത്. സൗഹൃദവും ബന്ധങ്ങളും കളിചിരികളും നിറഞ്ഞ ബാല്യകൗമാരങ്ങളാണ്. മനഃശാസ്ത്ര കൗൺസിലറുടെ നിരീക്ഷണങ്ങൾ.



നിഷ ജോസ്
*കൗൺസലിംഗ് സൈക്കോളജിസ്റ്റ്*
*9526601883*

ലോക്ഡൗണിനിടയിൽ കാണാനെത്തിയ ഒരു കോളജ് അധ്യാപകനെ ഇടയ്ക്കിടെ ഓർക്കാറുണ്ട്. ഏറെ വർഷങ്ങളായി തിരക്കിട്ട ജീവിതം നയിച്ചിരുന്ന വ്യക്തി ലോക്ഡൗൺ സമയത്ത് മറ്റൊരു ലോകത്തായിപ്പോയി. തന്റെ കുട്ടികളുടെയും കുടുംബത്തിന്റെയും ചെറിയ എന്നാൽ മനോഹരമായ ലോകത്ത്. അവരോടൊപ്പം കളിച്ചും പുഴയിൽ കുളിച്ചും ഉണ്ടും ഉറങ്ങിയും ദിവസങ്ങൾ പോയി. ഒടുവിൽ കോളജിൽ നേരിട്ട് എത്തേണ്ടത് അനിവാര്യമായപ്പോൾ അദ്ദേഹം വല്ലാതെ വിഷമിച്ചു. ഓഫീസിലേക്ക് പോകാൻ തോന്നുന്നില്ല. ജോലി ചെയ്യാൻ പഴയ ഉത്സാഹം തോന്നുന്നില്ല. എല്ലാത്തിനും ഒരു മടി. അദ്ദേഹത്തെ കേട്ടിരിക്കുമ്പോൾ മനസ്സിൽ വന്ന ചിന്ത ഇതായിരുന്നു: പ്രഗല്ഭനായ, വളരെ അർപ്പണബോധത്തോടെ പ്രവർത്തിച്ചിരുന്ന ഒരധ്യാപകന്റെ അവസ്ഥ ഇതാണെങ്കിൽ ഈ മഹാമാരിക്കുശേഷം പുതുസാധാരണത്വത്തിലേക്ക് (new normal) കാലെടുത്തു വയ്ക്കുന്ന കുഞ്ഞുങ്ങളുടെ സ്ഥിതി എന്തായിരിക്കും?

സ്കൂളുകൾ തുറന്നതിൽ മാതാപിതാക്കൾക്ക് ഏറെ സന്തോഷമാണെന്നതിൽ സംശയമില്ല. കുട്ടികളിലും ഒരു വലിയ വിഭാഗം തങ്ങളുടെ സൗഹൃദങ്ങളുടെ വീണ്ടെടുപ്പിനും കൂടിച്ചേരലിനുമായി കാത്തിരിക്കുന്നവരാണ്. എന്നാൽ ആദ്യം സൂചിപ്പിച്ച അധ്യാപകനെപ്പോലെ തിരികെ മടങ്ങുന്നതിനെക്കുറിച്ച് ചിന്തിക്കാൻ കഴിയാത്തവരും ഉണ്ട് എന്നതും വാസ്തവം. വിദ്യാലയങ്ങളിലേക്ക് തിരികെയെത്തുന്ന കുഞ്ഞുങ്ങളുടെ പരിചരണവും പരിശീലനവും അധ്യാപകരെ സംബന്ധിച്ചിടത്തോളം വെല്ലുവിളികൾ നിറഞ്ഞതുതന്നെയാകും. അതിനായി അവർ തങ്ങളെത്തന്നെ ഒരുക്കേണ്ടതുണ്ട്.

## ഡിജിറ്റൽ അടിമത്തം

മലയാളികളായ മാതാപിതാക്കൾക്ക് ലണ്ടനിൽ ജനിച്ചു വളർന്ന കുട്ടിയായിരുന്നു റയാൻ. ബെംഗലുരുവിലുള്ള ബന്ധുക്കളെ സന്ദർശിക്കാൻ അപ്പന്റെ കൂടെയാണ് റയാൻ ഇന്ത്യയിലെത്തിയത്. ലോക്ഡൗൺ തുടങ്ങിയപ്പോൾ അപ്പൻ തിരികെ പോയെങ്കിലും റയാൻ ഇവിടെ നിന്നു. കുറച്ചു ദിവസങ്ങൾക്കുള്ളിൽ റയാനെ നോക്കിയിരുന്ന ബന്ധുക്കൾക്ക് അവന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും എന്തോ അപാകതകൾ തോന്നിത്തുടങ്ങി. എപ്പോഴും മുറിയിൽ അടച്ചിരിക്കുന്നു. ചിലപ്പോൾ മാത്രം ഭക്ഷണം കഴിക്കുന്നു. രാത്രി വളരെ വൈകി മാത്രം ഉറങ്ങുന്നു. ഉണരുന്നത് ഉച്ചയോടു കൂടി. തിരുത്താൻ ശ്രമിച്ചാൽ വലിയ ദേഷ്യം. അവനെ നിരീക്ഷിച്ചപ്പോൾ അവർക്കൊരു കാര്യം മനസ്സിലായി. റയാൻ മുഴുവൻ സമയവും ഗെയിമുകളുടെ ലോകത്താണ്. ഒരിക്കൽ ലാപ്ടോപ്പ് പിടിച്ചു മാറ്റാൻ ശ്രമിച്ച കസിനെ അവൻ ശാരീരികമായി ഉപദ്രവിച്ചു. അക്രമാസക്തനായി. സാധനങ്ങൾ എറിഞ്ഞുടച്ചു. എന്ത് ചെയ്യണം എന്നറിയാതെ വിഷമിച്ച ബന്ധുക്കളോട് എത്രയും പെട്ടെന്ന് ഏതെങ്കിലും ഡി അഡിക്ഷൻ സെന്ററിൽ ചികിത്സ തേടാൻ നിർദ്ദേശിച്ചെങ്കിലും ഡിജിറ്റൽ അഡിക്ഷൻ ചികിൽസിക്കേണ്ട ഒന്നല്ല എന്ന തെറ്റുധാരണയിൽ അവർ ഉറച്ചു നിന്നു.


www.malankaralibrary.com

കോവിഡ് എന്ന മഹാമാരിയുടെ മറവിൽ പടർന്നു കയറിയ അതിനേക്കാളും ഭീകരമായൊരു മഹാമാരിയാണ് digital addiction എന്നതു ആരോഗ്യ, മാനസികാരോഗ്യ വിദഗ്ധരും പഠനങ്ങളും ചൂണ്ടിക്കാണിക്കുന്നു. സാമൂഹിക അകലത്തെയും മാനസിക സമ്മർദ്ദത്തെയും വിദ്യാഭാസ മേഖലയിലെ വെല്ലുവിളികളെയുമൊക്കെ നേരിടാൻ സഹായിച്ച ഒരനുഗ്രഹമായി ഇന്റർനെറ്റും ഡിജിറ്റൽ ലോകവും മാറിയെങ്കിലും ഇന്ന് മറ്റേത് അഡിക്ഷനുകളെക്കാളും മാരകമായ, ജീവിതങ്ങളെ കാർന്നു തിന്നുന്ന ഒന്നായി (പ്രത്യേകിച്ച് യുവതലമുറയെയും കുഞ്ഞുങ്ങളെയും) അത് മാറിക്കഴിഞ്ഞിരിക്കുന്നു. നന്മയും അനുഗ്രഹവുമായ പലതും മെല്ലെ ആവശ്യകതയും (need) അടിമത്തവും (addiction ) ആയ സ്ഥിതി വിശേഷം. ഈ അപകടം തിരിച്ചറിഞ്ഞത് കൊണ്ടാണ് ഇന്ന് ഗവൺമെന്റ്തന്നെ മുൻകൈ എടുത്ത് internet deadiction സെന്ററുകൾ സ്ഥാപിച്ചു തുടങ്ങിയിരിക്കുന്നത്.

ഡിജിറ്റൽ അഡിക്ഷൻ കുട്ടികളുടെ ശാരീരിക, മാനസിക, സാമൂഹിക ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. ഡിജിറ്റൽ ലോകം വിട്ട് പുറത്തേക്ക് വരുമ്പോൾ ഈ അസ്വസ്ഥതകൾ അവരിൽ വ്യക്തമായി പ്രകടമാവുകയും ചെയ്യും.

## ആശയ വിനിമയം

കൂടുതലും ആശയ വിനിമയം നടത്തപ്പെടുന്നത് ഡിജിറ്റൽ ലോകത്ത് കൂടിയായതുകൊണ്ട് നേരിട്ടുള്ള ആശയവിനിമയം കുട്ടികൾക്ക് ബുദ്ധിമുട്ടായി അനുഭവപ്പെടാം. നേരിട്ടു സംസാരിക്കാൻ ആത്മ വിശ്വാസക്കുറവും ലജ്ജയും ആശങ്കയുമൊക്കെ ഇക്കൂട്ടർക്ക് അനുഭവപ്പെടാം. സ്വതവേ അന്തർമുഖരായവർ അതുകൊണ്ടുതന്നെ ഡിജിറ്റൽ ലോകത്തിനു കൂടുതൽ അടിമപ്പെടാറുമുണ്ട്. അടുപ്പമുള്ളവരോടുപോലും നേരിട്ട് സംസാരിക്കുന്നതിനേക്കാൾ കൂടുതൽ ടെക്സ്റ്റ് മെസ്സേജുകളിലൂടെയോ വോയിസ് മെസ്സേജുകളിലൂടെയോ മാത്രം സംസാരിക്കാൻ ഇഷ്ടപ്പെടുന്നവരുടെ എണ്ണം വർധിച്ചു വരുന്നു.

## വ്യക്തി ബന്ധങ്ങൾ / സാമൂഹിക ബന്ധങ്ങൾ

കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടുമൊക്കെയുള്ള ഇടപഴകലിലൂടെയും ബന്ധങ്ങളിലൂടെയും കിട്ടിയിരുന്ന സംതൃപ്തിയും സന്തോഷങ്ങളുമൊക്കെ സമൂഹ മാധ്യമങ്ങളിലൂടെയും ഗെയിമുകളിലൂടെയുമൊക്കെ നേടാൻ ശ്രമിക്കുന്നു. ഇത് സമൂഹവും വ്യക്തികളുമായുള്ള ബന്ധത്തെ കൂടുതൽ അകറ്റുന്നു. ഭക്ഷണം കഴിക്കാനും വാശിയിൽ നിന്ന് രക്ഷപ്പെടാനും ശ്രദ്ധ തിരിക്കാനും സങ്കടങ്ങളിൽ ആശ്വസിപ്പിക്കാനും എന്നു വേണ്ട അടങ്ങി ഒതുങ്ങി ഇരിക്കാൻവരെ ഗാഡ്ജറ്റുകൾ കുഞ്ഞുങ്ങൾക്ക് നൽകുന്ന മാതാപിതാക്കൾക്ക് തന്നെയാണ് ഇതിന്റെ പ്രധാന ഉത്തരവാദിത്ത്വം. കോവിഡിന്റെ പശ്ചാത്തലം ഇതിന് ഏറ്റവും അനുകൂല സാഹചര്യമൊരുക്കി എന്ന് പറയാം. ഇതോടൊപ്പം സാമൂഹിക അകലവും നിയന്ത്രണങ്ങളും കൂടി ആയപ്പോൾ അത് കുട്ടികളുടെ സാമൂഹിക നിപുണതകളിലും (social skills) വ്യക്തി ബന്ധത്തങ്ങളിലും ഉണ്ടാക്കിയിരിക്കുന്ന പരുക്ക് വലുതാണ്.

www.malankaralibrary.com

മറ്റുള്ളവരുമായി നേരിട്ട് ഇടപഴകാനും സംവദിക്കാനും സൗഹൃദങ്ങളും ബന്ധങ്ങളും സ്ഥാപിക്കാനും കുട്ടികൾക്ക് ബുദ്ധിമുട്ടനുഭവപ്പെടാം. ഇത് കൂടുതൽ ഒറ്റപ്പെടലിലേക്കും ആശങ്കയിലേക്കും മാനസിക സമ്മർദ്ദങ്ങളിലേക്കും അവരെ നയിക്കും.

## വൈകാരിക ബുദ്ധിമുട്ടുകൾ

സാമൂഹിക അകലവും ലോക്ഡൗണും ഡിജിറ്റൽ അടിമത്തങ്ങളും എല്ലാം ചേർന്ന് കുട്ടികളുടെ മനസികാവസ്ഥയിൽ ഉണ്ടാക്കിയിരിക്കാവുന്ന വ്യതിയാനങ്ങളുണ്ട്. കൂടിയ സമ്മർദ്ദം (stress) പിരിമുറുക്കം (tension ) ദേഷ്യം, വിഷാദം തുടങ്ങി അക്രമപ്രവണതകൾവരെ. ചിലരെങ്കിലും പ്രിയപ്പെട്ടവരുടെ വേർപാട്മൂലം ദുഃഖം (grief) അനുഭവിക്കുന്നവരാകാം. ഏകാന്തതയും സ്ട്രെസും വിഷാദവുമൊക്കെ അനുഭവിക്കുന്നവർ ഡിജിറ്റൽ അഡിക്ഷനു കൂടുതൽ സാധ്യതയുള്ളവരാണെന്നു പഠനങ്ങൾ പറയുന്നു. കുട്ടികളിലെ വൈകാരിക പ്രശ്നങ്ങളെ അതിജീവിക്കാൻ അവരെ സഹായിക്കുന്നതുവഴി ഇത്തരം പല അടിമത്തങ്ങളിൽ നിന്നും അവരെ ഒരു പരിധി വരെ പുറത്തു കൊണ്ടുവരാൻ സാധിക്കും.

## പെരുമാറ്റത്തിലെ വൈകല്യങ്ങൾ

വൈകാരിക ബുദ്ധിമുട്ടുകൾ കുട്ടികൾ പ്രകടിപ്പിക്കുന്നത് കൂടുതലും പെരുമാറ്റത്തിലൂടെയായിരിക്കും. അക്രമത്തിലൂടെയോ, വഴക്കുകളിലൂടെയോ, ഹൈപ്പർ ആക്ടിവിസത്തിലൂടെയോ അവരിത് പ്രകടിപ്പിച്ചേക്കാം. തുറന്ന് സംസാരിക്കാനും തങ്ങളുടെ വികാരങ്ങളെ പ്രകടിപ്പിക്കാനും മിക്കവാറും അവർക്ക് കഴിയാറില്ല. ഡിജിറ്റൽ അഡിക്ഷനുകളും അക്രമണ സ്വഭാവത്തിനും വൈകാരിക പ്രശ്നങ്ങൾക്കും കാരണമാകാറുണ്ട്. ഓൺലൈൻ ഗെയിമുകളിലൂടെയോ സമൂഹ മാധ്യമങ്ങളിലൂടെയോ ഒക്കെ പരിചയപ്പെടുന്ന അപരിചിതരും സംഘങ്ങളുമൊക്കെ വഴി അപകടകരമായ പ്രവർത്തനങ്ങളിലേക്കും പ്രവൃത്തികളിലേക്കും നയിക്കപ്പെട്ട കുട്ടികളെ ഈ നാളുകളിൽ കേരളം കണ്ടു. ചതികൾക്കും ആത്മഹത്യകൾക്കും തട്ടിപ്പുകൾക്കും ഒക്കെ കുട്ടികൾ ഇരയാകുന്നതിന് സാക്ഷിയായി.

## അധ്യാപക–മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക്

കുട്ടികളോടൊപ്പം നന്നായി സമയം ചെലവഴിക്കുക. പല മാതാപിതാക്കളും ലോക്ഡൗണിന്റെ തുടക്കം മുതൽ work from home ലേക്ക് മാറിയതുകൊണ്ട് കുട്ടികൾ കാണുന്നത് അവരും സദാസമയം ഡിജിറ്റൽ ലോകത്ത് ചിലവഴിക്കുന്നതായിരിക്കും. എല്ലാ ഗാഡ്ജറ്റുകളും മാറ്റിവച്ച് ഒരു മണിക്കൂറെങ്കിലും പൂർണമായ ശ്രദ്ധയും കരുതലും കുട്ടികൾക്ക് കൊടുക്കുന്നു എന്ന് മാതാപിതാക്കൾ ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. അധ്യാപകരും സ്കൂളിൽ കുട്ടികളോട് വ്യക്തിപരമായി സംസാരിക്കാനും അവരോട് കൂടുതൽ ബന്ധം സ്ഥാപിക്കാനും ശ്രമിക്കേണ്ടത് അനിവാര്യമാണ്. അവരുടെ വൈകാരിക, മാനസിക പ്രശ്ങ്ങളെക്കുറിച്ച് അറിയാൻ ശ്രമിക്കുകയും അതിനെക്കുറിച്ചു തുറന്ന് സംസാരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. കൗൺസിലിംഗിനുള്ള സൗകര്യങ്ങൾ വരും നാളുകളിൽ മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും നിർബന്ധമായും ഉറപ്പു വരുത്തേണ്ടതാണ്.

സാമൂഹിക നിപുണതയിലെയും (social skills) ജീവിത നിപുണതകളെയും (life skills) വളർത്തുന്ന രീതിയിലുള്ള പരിശീലങ്ങൾക്ക് വരുംനാളുകളിൽ കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. കൂടുതൽ പരസ്പര ഇടപഴകലുകളും ആശയവിനിമയവും കൂട്ടുന്ന രീതിയിലുള്ള ആക്ടിവിറ്റികളും എക്സർസൈസുകളും ഉണ്ടാകണം. ഡിജിറ്റൽ ലോകത്തിന്റെ അടിമത്ത്വത്തിൽ നിന്ന് കുട്ടികളെ മോചിപ്പിക്കാൻ യഥാർഥ ലോകവുമായി അവരെ കൂടുതൽ ബന്ധിപ്പിക്കുക എന്നതാണ് വഴി. അധ്യാപകർ അസൈൻമെന്റുകളും പ്രൊജെക്ടുകളും ഒക്കെ നൽകുമ്പോൾ ഇന്റർനെറ്റിനെയും ഗാഡ്ജറ്റുകളെയും മാത്രം ആശ്രയിച്ചു ചെയ്യാവുന്നവയ്ക്ക് പകരം യഥാർഥ ലോകവുമായി അവരെ ബന്ധപ്പെടുത്തുന്നതും ശാരീരിക, മാനസിക അധ്വാനം ആവശ്യമുള്ളതുമായ കാര്യങ്ങൾ വിഭാവനം ചെയ്തു നൽകുക.

ഡിജിറ്റൽ അഡിക്ഷൻ ഉള്ള കുട്ടികൾക്ക് മാനസികാരോഗ്യ വിദഗ്ധരുടെ സേവനം തക്കസമയത്ത് ഉറപ്പു വരുത്തുക. ശാരീരിക വ്യായാമം ഉറപ്പുവരുത്തുന്നതും സമൂഹവുമായി ബന്ധപ്പെടുത്തുന്നതുമായ കളികളും പരിശീലനങ്ങളും ആക്ടിവിറ്റികളുമൊക്കെ കൂടുതൽ ഉൾപ്പെടുത്തുന്നതാവണം ഇനിയുള്ള സ്കൂൾ വിദ്യാഭാസത്തിന്റെ നാളുകൾ. കൂടുതൽ യാഥാർഥ്യ ബോധത്തോടെയുള്ള, കൂടുതൽ ക്രിയാത്മകവും ഉണർവ് നിറഞ്ഞതുമായ ഒരു കാലഘട്ടം നമ്മുടെ കുട്ടികൾക്കുണ്ടാവട്ടെ എന്നു നമുക്കാഗ്രഹിക്കാം. ■

www.malankaralibrary.com

# അറിവിനൊപ്പം ആരോഗ്യവും

നീണ്ട ഇടവേളയ്ക്കുശേഷം വിദ്യാലയങ്ങൾ വീണ്ടും ശബ്ദമുഖരിതമായിരിക്കുകയാണ്. അറിവും ജ്ഞാനവും തേടുന്ന ഇടം മാത്രമല്ല വിദ്യാലയങ്ങൾ; ആരോഗ്യവുംകൂടി ശ്രദ്ധിക്കേണ്ട പരിപാലനകേന്ദ്രം കൂടിയാണിവ. വിദ്യാർഥികളും മാതാപിതാക്കളും അധ്യാപകരും ശ്രദ്ധിക്കേണ്ടവ.



ഡോ. ദീപു ജോർജ് MD
***കൺസൾട്ടന്റ് ഫിസിഷ്യൻ***
***മെഡിക്കൽ ട്രസ്റ്റ്, എറണാകുളം***
***9656380990***

കോവിഡ് കവർന്ന രണ്ടുവർഷങ്ങൾക്കുശേഷം കൂട്ടുകാരെയും അധ്യാപകരെയും കാണാനും അവരുമായി സംവദിക്കാനും കളിക്കാനും കൂട്ടുകൂടാനും ആവേശഭരിതരായി സ്കൂളിലേക്ക് ആഗതരായിരിക്കുകയാണ് വിദ്യാർഥിസമൂഹം. മാസങ്ങൾക്കുശേഷം കാണുന്ന കൂട്ടുകാരിൽനിന്ന് സാമൂഹിക അകലംപാലിക്കാൻ എളുപ്പമല്ല. ഹസ്തദാനവും കെട്ടിപ്പിടുത്തവും ഹൈഫൈവും മാറ്റി പഞ്ച് ചെയ്യാൻ ശീലിപ്പിക്കണം. കോവിഡ് മാഞ്ഞുപോയിട്ടില്ല. അതിനാൽ, കരുതൽ തുടരണം. മാസ്ക് ഇപ്പോഴും നിർബന്ധമാണ്. അടച്ചിട്ട ക്ലാസ്സുകൾവഴി കോവിഡിന് അടയിരിക്കാൻ അവസരമൊരുക്കരുത്! മാസ്ക് ഇടാൻ കുട്ടികളെ പഠിപ്പിക്കണം. മൂക്കും വായയും പൂർണമായും കവർ ചെയ്യുന്ന രീതിതന്നെ ശീലിപ്പിക്കണം. ഇടക്കിടെ മുഖത്തും മാസ്കിലും സ്പർശിക്കാതിരിക്കാൻ സ്നേഹത്തോടെ കാര്യകാരണസഹിതം പറഞ്ഞ് മനസ്സിലാക്കണം. വെള്ളം കുടിക്കാനും ഭക്ഷണം കഴിക്കാനും മാത്രം മാസ്ക് മാറ്റാവൂ എന്ന് കുട്ടികൾ മനസ്സിലാക്കണം. പനിയോ, കുളിരോ, ജലദോഷമോ, ചുമയോ ഉള്ള കുട്ടികൾ ക്ലാസ്സിൽ വരാതിരിക്കാൻ മാതാപിതാക്കളും അധ്യാപകരും ശ്രദ്ധിക്കണം. പൊതു ആരോഗ്യത്തെ മുൻനിർത്തി അത്തരം മെഡിക്കൽ ലീവ് പ്രോത്സാഹിപ്പിക്കണം. അവരെ കളിയാക്കുകയോ ശകാരിക്കുകയോ ചെയ്യരുത്.

## കുട്ടികളുടെ ശ്രദ്ധയ്ക്ക്

ബ്രേക്ക് ഫാസ്റ്റ് ഒരിക്കലും ഒഴിവാക്കരുത്. പകരം ഹോർളിക്സ്, ബൂസ്റ്റ്, ബോൺവിറ്റ തുടങ്ങിയവ കഴിച്ച് ഓടുന്ന കുട്ടികളെ ഹോസ്പിറ്റലിൽ കാണാറുണ്ട്. അത് അവരുടെ ആരോഗ്യത്തിന് വലിയ ദ്രോഹം ചെയ്യും. പോഷകാഹാരങ്ങൾ നൽകാൻ ശ്രമിക്കുക. നേരത്തെ എഴുന്നേറ്റ് നല്ലൊരു കുളിയും ശീലമാക്കണം. തിരിച്ചുവരുമ്പോഴും കുളിച്ചിട്ടേ മറ്റുള്ളവരുമായി ഇടപഴകാവൂ എന്നൊരു പുതിയൊരു ശീലം കൂടി കുട്ടികൾക്ക് പകർന്നുകൊടുക്കണം. മുതിർന്നവർക്ക് കിട്ടുന്ന കോവിഡുപോലുള്ള വയറൽ ഇൻഫെക്ഷൻസ് പടരാതിരിക്കാൻ ആ ശീലം വലിയ ഗുണംചെയ്യും.

വാക്സിനേഷൻ കുട്ടികളിൽ ഇപ്പോഴും പൂർണമായും ചുരുളഴിഞ്ഞ സമസ്യയല്ല. ഇപ്പോൾ ഇന്ത്യൻ വിപണിയിൽ എത്തിയിട്ടുള്ള കുട്ടികളുടെ വാക്സിനുകൾ; Covaxin (morethan15 yrs), Corbevex (12-14 yrs) എന്നിവയാണ്. ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പീഡിയാട്രിക്സ് (IAP) ഇന്ത്യഗവൺമെന്റിന്റെ പോളിസി സപ്പോർട്ട് ചെയ്യുന്നു. ആദ്യം ഹൈ

www.malankaralibrary.com




റിസ്ക് കുട്ടികളിൽ വാക്സീൻ നൽകണം. Nephrotic Syndrome, കാൻസർ കുട്ടികൾ, Immune deficiency Syndrome എന്നിവരിൽ.

## രക്ഷിതാക്കളുടെ ശ്രദ്ധയ്ക്ക്

അമ്മമാർ കുട്ടികളുടെ ഉച്ചഭക്ഷണം സമീകൃതമാക്കാൻ ശ്രദ്ധിക്കണം. പ്രാതൽ കഴിപ്പിച്ചേ കുട്ടികളെ സ്കൂളിലേക്ക് അയക്കാവൂ. കാന്റീൻ സ്നാക്കുകളെ നിരുത്സാഹപ്പെടുത്തണം. അതിൽ എളുപ്പവഴി കാണരുത്. പിന്നീട് ഇരട്ടിപ്പണിയാണുണ്ടാകുക. കുട്ടികൾ വൃത്തിഹീനമായ പുറംസ്ഥാപനങ്ങളിൽ നിന്ന് ഭക്ഷണം കഴിക്കുന്നത് നിരുത്സാഹപ്പെടുത്തണം. കാരണം, ജലജന്യരോഗങ്ങൾ ബാധിക്കാൻ ഇതിടയാക്കും. മഞ്ഞപ്പിത്തം, വയറിളക്കം, വയറുകടി, ഛർദ്ദി, ടൈഫോയ്ഡ് എന്നിവ ഇപ്പോൾ കേരളത്തിൽ അസാധാരണമല്ല. പനി, ചുമ, ജലദോഷമുള്ള കുട്ടികളെ വിദ്യാലയത്തിൽ നിർബന്ധിച്ച് അയക്കരുത്. സ്കൂളുകളിൽ ഉണ്ടെങ്കിൽ പോലും വ്യക്തിപരമായി സ്വന്തം ഹാന്റ് സാനിറ്റൈസർ കൊടുത്തയക്കാൻ മറക്കരുത്. ക്ലാസ്സ് ആരംഭിക്കുമ്പോൾ ടി.വി, മൊബൈൽ ഫോൺ ഉപയോഗങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തണം. കുട്ടികൾ കാണുന്ന, സഞ്ചരിക്കുന്ന ഓൺലൈൻ മേഖലകൾ മനസ്സിലാക്കണം, നല്ലത് പറഞ്ഞും കാണിച്ചും കൊടുക്കുക. തുടക്കത്തിലേ പഠനത്തിൽ വ്യാപൃതരാകാൻ അവരോടൊപ്പം കൂട്ടിരിക്കാൻ ശ്രമിക്കണം.

കുട്ടികളുടെ വാക്സിനെക്കുറിച്ച് വായിച്ച്, ഡോക്ടറുമായി സംസാരിച്ച് മനസ്സിലാക്കി തീരുമാനങ്ങൾ എടുക്കുക. ടെസ്റ്റ് ചെയ്യാൻ (കോവിഡ് ടെസ്റ്റ്) മടിക്കാതിരിക്കുക. എങ്കിലേ ഇനി ഒരു സുഗമമായ അധ്യയനവർഷം തുടർന്നുകൊണ്ടുപോകാൻ സാധിക്കൂ.

## അധ്യാപകരുടെ ശ്രദ്ധയ്ക്ക്

കോവിഡനന്തരം മുമ്പേ പറഞ്ഞ എല്ലാ ആശങ്കകളും നേരിടാൻ സഹായിക്കേണ്ടത് അധ്യാപരുടെ കൂടെ കടമയാണ്. അതുകൊണ്ടുതന്നെ ആരോഗ്യരംഗത്തെ അറിവുകളും അപ്റ്റുഡേറ്റ് ആക്കാൻ അധ്യാപകർ ശ്രമിക്കണം. വയ്യാത്ത കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കണം. അനാരോഗ്യം കാരണം ക്ലാസ്സിൽ വരാൻ സാധിക്കാത്ത കുട്ടികളെ ശാസിക്കരുത്. സ്റ്റുഡന്റ്സ് ക്ലിനിക്കിൽ, അല്ലെങ്കിൽ സൈക്കോളിജിസ്റ്റിന്റെ സഹായം ആവശ്യാനുസരണം തേടണം. ഇന്ന് കാണുന്ന പല മികച്ച വ്യക്തിത്വങ്ങളുടെയും പിന്നിൽ ഓരോരോ നല്ല അധ്യാപകരുടെ റോൾ അവർ അയവിറക്കാറുണ്ട്. കോവിഡനന്തരം തുറന്നിരിക്കുന്ന സ്കൂളിൽ അത്തരം അധ്യാപകർ അത്യാവശ്യമാണ് – Online to Offline transition വരുത്താൻ. ■

www.malankaralibrary.com

# ഫസ്റ്റ് ബെൽ മുഴങ്ങുമ്പോൾ

കാലവർഷം കലിതുള്ളിയാലും ഇല്ലെങ്കിലും കോവിഡ് മഹാമാരി കാർമേഘം പോലെ നിറഞ്ഞുനിൽക്കുകയാണിപ്പോഴും. ഈ മഹാവ്യാധിയുടെ തീവ്രതയിൽ അടച്ചുപൂട്ടിയ വിദ്യാഭ്യാസമേഖല രണ്ടുവർഷങ്ങളുടെ ഇടവേളയ്ക്കുശേഷം വീണ്ടും തുറന്നിരിക്കുകയാണ്. സ്ക്രീനുകൾക്കപ്പുറവും ഇപ്പുറവും ഇരുന്ന് സംവദിച്ചിരുന്ന വിദ്യാർഥി- അധ്യാപകർ മുഖാമുഖം ചേരുമ്പോൾ ഓൺലൈൻ കടമ്പയിൽനിന്നും ഓഫ്‌ലൈൻ നേർരേഖയിലെത്തിയിരിക്കുകയാണ്. നിരീക്ഷണങ്ങൾ



## സാധ്യതകളും വെല്ലുവിളികളും

ശ്രീല അനിൽ
*അധ്യാപിക, ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ, കോട്ടയം, 9446065761*

മൊബൈൽ ഫോൺ കൊണ്ടുവന്നാൽ കുട്ടിയിൽ നിന്നും അത് പിടിച്ചെടുത്ത് സ്കൂളിൽ സൂക്ഷിക്കാനും കുട്ടി സ്കൂൾ വിട്ടുപോകുമ്പോൾ തിരിച്ചുകൊടുക്കാനുമുള്ള കർശമായ നിയമങ്ങൾ ഉണ്ടായിരുന്ന ഒരു നാടായിരുന്നു നമ്മുടേത്. അവിടേക്കാണ് അധ്യാപകരും സന്നദ്ധസംഘടനകളും ചേർന്ന് ഓരോ കുട്ടിക്കും ഓരോ ഫോണും ഒരോ ടെലിവിഷനും എന്ന നിലയിൽ സമ്മാനമായി നൽകേണ്ട അവസ്ഥ കോവിഡുകാലത്ത് ഉണ്ടായത്.

ഓൺലൈൻ ക്ലാസ്സുകളെപ്പറ്റിയുള്ള ചില യാഥാർഥ്യങ്ങൾ കൂടി പങ്കുവയ്ക്കാതിരിക്കാനാവില്ല. ഒരു ക്ലാസ്സിന്റെ ഗൂഗിൾ മീറ്റ് ലിങ്ക് കുട്ടികളുടെ ക്ലാസ്സ് വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലിട്ട് അതിൽ കുട്ടികൾ ജോയിൻ ചെയ്യുകയാണ് സാധാരണ ചെയ്യാറ്. ഇനിയാണ് തമാശ. ജോയിൻ ചെയ്യുന്നവരിൽ പലരും അവരുടെ മൈക്രോ വീഡിയോയോ ഓൺ ചെയ്യാറില്ല. കുട്ടികൾ ക്ലാസ്സ് കേൾക്കുന്നുണ്ടോ കാണുന്നുണ്ടോ എന്ന് അധ്യാപകർക്ക് അറിയാൻ സാധിക്കില്ല. റെയിഞ്ചില്ല എന്ന ഒരു കാരണം അവർക്ക് പറയാനാവും. മിക്കവാറും കുട്ടികൾ കയറിയെന്ന രീതിയിൽ അധ്യാപകനെ ബോധ്യപ്പെടുത്തുക മാത്രമാവും ലക്ഷ്യം. ഓൺലൈൻ ക്ലാസ്സിൽ കയറി ഇരുന്നുകൊണ്ട് അവർക്ക് ഗെയിം കളിക്കാനും മറ്റ് online applicationകൾ ഉപയോഗിക്കാനും സാധിക്കും എന്നുള്ളതാണ് വേറൊരു കാര്യം.

കുട്ടികളെ കുറ്റപ്പെടുത്തുന്നതിൽ വലിയ അർഥമുണ്ടെന്നു തോന്നുന്നില്ല. വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ചുറുചുറുക്കുള്ള ബാല്യകൗമാരങ്ങളെ

www.malankaralibrary.com

പൂട്ടിയിട്ടാൽ ഉണ്ടാകാവുന്ന കാര്യങ്ങൾ മാത്രമേ ഇപ്പോൾ സംഭവിച്ചിട്ടുള്ളു. തീരെ ചെറിയ പ്രായമുള്ള LKG ,UKG കുട്ടികൾ പോലും ഇന്ന് ഡിജിറ്റൽ മാധ്യമങ്ങളുടെ പിടിയിൽതന്നെയാണ്. ഇവരെ ഈ വെർച്ചൽ (സാങ്കൽപ്പിക) സാധ്യതകളിൽ നിന്ന് അടർത്തിയെടുത്ത് യാഥാർഥ്യത്തിന്റെ ലോകത്തേക്ക് മടക്കി കൊണ്ടുവരുക എന്നതാണ് ഓഫ്‌ലൈൻ പഠനരീതിയിലെത്തിനിൽക്കുന്ന ഈ സാഹചര്യത്തിലെ ഏറ്റവും ഭഗീരഥ പ്രയത്നം.

ആദ്യസമയങ്ങളിൽരണ്ടുംകൂടിഇടകലർത്തിയും ക്രമേണ പതുക്കെ ഓഫ്‌ലൈനിലേക്കുമായി മാറുന്നതാവും നല്ലത്. ആവശ്യമുള്ളവർക്ക് കൗൺസിലിംഗ് പോലെയുള്ള കൈത്താങ്ങുകൾ നൽകി ക്രമേണ കുട്ടിയെ സാധാരണ ഓഫ്‌ലൈൻ വിദ്യാഭ്യാസത്തിലേയ്ക്ക് കൊണ്ടുവരാം. പ്രതിഭാധനരായ കുട്ടികൾ ഈയവസരത്തിൽ ബ്ലോഗർമാരും യൂറ്റ്യൂബർമാരുമൊക്കെയായി വൈറലായിട്ടുണ്ട്. അവരെയും സാധാരണ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കണം. ■



# ഡിജിറ്റൽ സാക്ഷരരെ വരവേറ്റ് സ്കൂളുകൾ

**തോമസ് കെ സ്റ്റീഫൻ**
*അധ്യാപകൻ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, ഞാറയ്ക്കൽ, 94470 71661*

ലോകത്തെ മുഴുവൻ ഒരു ഡിജിറ്റൽ സാക്ഷരതയിലേക്ക് നയിച്ചുഎന്നത് കോവിഡ് 19-ന്റെ വലിയ അനുഗ്രഹമായി വിലയിരുത്താം. സാങ്കേതിക വിദ്യകൾ കരഗതമാക്കാൻ മുതിർന്നവരേക്കാൾ മിടുക്ക് കുട്ടികൾക്കുണ്ടെന്നത് യാഥാർഥ്യമാണ്. അറിവുകളുടെ ഏക ഉറവിടം അധ്യാപകരാണ് എന്ന ധാരണ സമ്പൂർണമായി തിരുത്തപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ക്ലാസ്സ് മുറികളിൽ നിന്നും ലഭിക്കുന്ന അറിവുകളുടെ പതിന്മടങ്ങ് ഡിജിറ്റൽ ലോകം സമ്മാനിക്കുന്നു എന്നത് പഠിപ്പിക്കാൻ അധ്യാപകർ അനിവാര്യമല്ല എന്ന സ്ഥിതിയിലെത്തിച്ചിരിക്കുന്നു. അധ്യാപകന്റെ റോൾ മാറണമെന്ന് പറയാൻ തുടങ്ങിയിട്ട് നാളേറെയായി. അറിവുകളുടെ അന്വേഷണവും നിർമാണവും കുട്ടികൾ സ്വയം നിർവഹിക്കുമ്പോൾ അധ്യാപകൻ തന്റെ പുതിയ റോൾ തിരിച്ചറിയുകതന്നെ വേണം. അറിവ് നിർമാണ പ്രക്രിയയുടെ നിർവാഹകരും മാർഗദർശികളുമായി അധ്യാപകർ മാറണം.

കോവിഡിന്റെ രണ്ടുവർഷം നമ്മുടെ മാധ്യമങ്ങൾ കുട്ടികളെ സർഗാത്മകതയുടെ ഒരു വലിയ ലോകത്തിലേക്ക് നയിച്ചിട്ടുണ്ട്. എഴുതാനും വരയ്ക്കാനും പാടാനും ആടാനും അഭിനയിക്കാനും ചെറു ഫിലിമുകൾ നിർമിക്കാനും കൃഷിചെയ്യാനും തുന്നാനും പാചകം ചെയ്യാനും അങ്ങനെ എന്തെല്ലാം നൈപുണികൾ ആണ് നമ്മുടെ കുഞ്ഞുങ്ങൾ കൈവശപ്പെടുത്തിയിരിക്കുന്നത്. ഈ നൈപുണികൾ എല്ലാം കണ്ടെത്താനും അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ആവശ്യമായ ശ്രമങ്ങൾ അധ്യാപകരുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഈ വഴിയിൽ കുട്ടികളെ പ്രചോദിപ്പിക്കുന്ന അധ്യാപകർക്കാകും ഇനി കൂടുതൽ സ്വീകാര്യത.

നവീന മാധ്യമങ്ങളെ ചങ്ങാതികളാക്കിയവരും അതിലൂടെ ചങ്ങാതിമാരെ കണ്ടെത്തിയവരുമാണ് ഇനി സ്കൂളിലേക്ക് എത്തുന്നത്. സ്കൂളിൽ എത്തിയാൽ ചങ്ങാതിമാരെ കാണാമെന്നോ കാര്യങ്ങൾ പറയാമെന്നോ കളിക്കാമെന്നോ എന്നൊന്നും ഈ ഡിജിറ്റൽ സാക്ഷരർക്ക് ഇല്ല. ഇവരെ മടക്കി കൊണ്ടുവരുക ഒരു വലിയ വെല്ലുവിളിതന്നെയാണ്. സ്കൂൾ മുറ്റങ്ങളൊക്കെ കളിക്കളങ്ങളായി മാറുക എന്നത് ഇവിടെ അനിവാര്യമാകുന്നു. ഓൺലൈൻ കളികളെക്കാൾ കെങ്കേമമാണ് ഓഫ്‌ലൈൻ കളികളെന്ന് കുട്ടികൾ തിരിച്ചറിയണം. വർത്തമാനകാല സാഹചര്യത്തിൽ സൈബർ സുരക്ഷ എന്നത് ഒരു വിഷയമായി തന്നെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. മുന്തിയ ഇനം ഫോണുകൾക്കായുള്ള കുട്ടികളുടെ പരക്കംപാച്ചിൽ ചില തെറ്റായ മാർഗത്തിലേക്ക് അവരെ നയിക്കുന്നുണ്ട്. ഇതിനുള്ള പരിഹാരവും യൂണിഫോം ഡിജിറ്റൽ ഡിവൈസുകൾ തന്നെയാണ്. ■

www.malankaralibrary.com



# ആശങ്കകളോടെ രണ്ടാമൂഴം

ഡോ. ഉഷാറാണി. പി.
*അധ്യാപിക, ചിന്മയ വിദ്യാലയം , ആറ്റുകാൽ, തിരുവനന്തപുരം, 9746201959*

വിദ്യാഭ്യാസമെന്നതു ഒരുകുട്ടിയുടെ സർവതോന്മുഖമായ വികാസമാണ്. പാഠ്യപദ്ധതിയിലുള്ളവ മാത്രമുൾക്കൊള്ളലല്ലാതെ അച്ചടക്കം,സ്നേഹം,സഹനംതുടങ്ങിമാനുഷികമായ പല ഘടകങ്ങളുടെയും അടിസ്ഥാനം കൊള്ളേണ്ടതും മേളനം നടക്കേണ്ടതും വിദ്യാലയങ്ങളിൽനിന്നാണ്.

ഓൺലൈൻ ക്ലാസ്സുകളിൽ ഓഡിയോയും വീഡിയോയും ഓഫ്ചെയ്തുവച്ച് ഇരുന്നും കിടന്നും ഉറങ്ങിയും ആഹാരംകഴിച്ചും ഇനി ഓൺലൈനിൽത്തന്നെയുള്ള മറ്റുകാണാക്കാഴ്ചകളിൽ മുഴുകിയും കഴിഞ്ഞുവന്ന ഒരു വിദ്യാർഥി, യഥാർഥ ക്ലാസ്സ് റൂമിനോട് ഇനിയെങ്ങനെ പ്രതികരിക്കുമെന്നതൊരു ചോദ്യചിഹ്നമായി വിദ്യാഭ്യാസ വിചക്ഷണർപോലും എണ്ണുന്നതിൽ അതിശയമില്ല.

കൂടാതെ,പ്രായത്തിനുവേണ്ടുന്ന കായികവും മാനസികവുമായ അവശ്യസംഗതികളെയും അടിച്ചമർത്തപ്പെട്ട കാലം കൂടിയായിരുന്നല്ലോ അത്. ഇവിടെയാണ്, ഒരു ശരിയായ അധ്യാപകന്റെയോ അധ്യാപികയുടെയോ പ്രസക്തി. അധ്യാപനമാണ് ഏറ്റവും പരിശുദ്ധമായ സേവനമെന്നു പറഞ്ഞ ആ പണ്ഡിതന്റെ അനുസ്മരണാർഥം അധ്യാപകദിനം നാമാചരിച്ചു പോരുന്നത് എത്ര മഹനീയമാണെന്ന് തിരിച്ചറിയുകതന്നെ വേണം. ■



# വിദ്യാർഥികളിലെ ലഹരിപ്രിയം

രഞ്ജിനി തെക്കേടത്ത്, കാർത്തികപ്പള്ളി
*റിട്ട. ജില്ല വനിതാക്ഷേമ ഉദ്യോഗസ്ഥ ഗ്രാമവികസന വകുപ്പ്, 79073 52978*

വിദ്യാർഥികളിൽ ഇന്ന് കണ്ടുവരുന്ന ലഹരിപ്രിയം വളരെ സങ്കീർണവിഷയമാണ്. ലഹരിയുടെ മായക്കാഴ്ചകളിൽ അഭിരമിച്ചവർ അതിന്റെ രുചിയറിയാനും മയക്കത്തിന്റെ ആസ്വാദ്യത അനുഭവിച്ചറിയാനും ഇടയായിട്ടുണ്ടെന്നുള്ളത് രഹസ്യമായ പരസ്യമാണ്.

നിലവിലെ സാഹചര്യത്തിൽ ഇവ പല രൂപത്തിലും എളുപ്പത്തിലും ഇവർക്ക് ലഭ്യവുമാകുന്നുണ്ട്. സിഗരറ്റ്, മിഠായി, ജാം, ഐസ്ക്രീം, സ്റ്റിക് രൂപങ്ങളിൽ ഇവ ലഭിക്കുന്നുണ്ട്.

മദ്യം, മയക്കുമരുന്ന് മാഫിയാ സംഘങ്ങൾ ഒരു വലിയ വിപണനശൃംഖലതന്നെ ഇവിടെ വിദ്യാർഥികൾക്കിടയിൽ സൃഷ്ടിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ മാനസിക നിലയിലുള്ള കുട്ടികളെ പെട്ടെന്ന് ഈ മാഫിയ സംഘം തിരിച്ചറിയുകയും പലവിധത്തിൽ (പണം നൽകിയും ചങ്ങാത്തം സ്ഥാപിച്ചും ബ്ലാക്ക്മെയിലിംഗ് വഴിയും) വലയിൽ വീഴ്ത്തുന്നു.

ഈ രീതിയിൽ കുട്ടികളിൽ ലഹരി – മയക്കുമരുന്നുപയോഗം വളർത്തിയെടുക്കുന്നതിൽ ഇവർ വിജയിച്ചിട്ടുണ്ട്. ഇതിന് പരിഹാരമായി കുടുംബബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. കുട്ടികളുടെ ഭാവമാറ്റങ്ങളിലും അതിരുവിട്ട ധനഭ്രമവും ആഡംബരപ്രിയവും ശ്രദ്ധിച്ച് അവരെ നിയന്ത്രിക്കണം. സ്കൂളുകളിലെത്തുന്ന വിദ്യാർഥികളുടെ അസ്വഭാവിക മാറ്റങ്ങളിൽ അധ്യാപകരും കൂടുതൽ ശ്രദ്ധചെലുത്തണം. ■

www.malankaralibrary.com

# കോവിഡിനൊപ്പവും കോവിഡനന്തരവും



ടി.വി.ഹരികുമാർ, കണിച്ചുകുളങ്ങര
*അധ്യാപകൻ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, ചേർത്തല സൗത്ത്, 9446118384*

കോവിഡനന്തരം കുട്ടികളിൽ വന്ന മാറ്റങ്ങൾ നാം കാണാതിരുന്നുകൂട. കോവിഡിന്റെ ഭീതി ഒഴിഞ്ഞു പോയിട്ടില്ലെങ്കിലും നമ്മുടെ വിദ്യാലയങ്ങൾ തുറന്നപ്പോൾ വിനോദവും വിജ്ഞാനവും മറ്റു രസങ്ങളും പകർന്നു നൽകിയ കാഴ്ചയിൽ ചെറുതാണെങ്കിലും കാര്യത്തിൽ ഗംഭീരനായ പുത്തൻ ചങ്ങാതി മൊബൈൽ ഫോൺ കുട്ടികളിൽ വലിയ സ്വാധീനമുള്ളവനായി മാറി. കാഴ്ചകളുടെ മായാലോകത്തേക്ക് അറിയാതെ ആർഷിക്കപ്പെടുകയും ഇന്നലെവരെ അകറ്റി നിർത്തിയ ഒന്ന് പ്രിയപ്പെട്ടതായി മാറിയപ്പോൾ തീർച്ചയായും ഇങ്ങനെ സംഭവിക്കുന്നതിൽ അത്ഭുതമില്ല. പിന്നെ ഇനിയെന്തു പോംവഴി? അങ്ങനെയാലോചിച്ചപ്പാൾ പതിയെ കുട്ടിയെ പഠനത്തിന്റെ പൂർണതയിലേക്കും കളിയിലേക്കും കൊണ്ടുവരണമെന്നതാണ് അഭികാമ്യം. കരുതലോടെ ഇടപെട്ടാൽ നമുക്ക് കുട്ടിയെ തിരിച്ചുകൊണ്ടുവരാനാവും. രക്ഷിതാവ്, അധ്യാപകൻ, സമൂഹം ഇങ്ങനെ മൂന്നു ഘടകങ്ങൾ ഒരുമിച്ചു നിന്നാലെ ഇതു മറികടക്കാനാവൂ. അതിന്റെ ശ്രമമാണ് നടന്നുവരുന്നത്. അമൃതും അധികമായാൽ വിഷം എന്ന പഴഞ്ചൊല്ല് ഇവിടെ പ്രത്യേകം പ്രതിപാദിക്കാവുന്നതാണ്. രോഗപ്രതിരോധത്തോടൊപ്പം ആവശ്യത്തിനു മാത്രം മതി മൊബൈൽ ഫോൺ എന്ന ബോധം നമ്മൾ കുട്ടിയിലേക്ക് പകർന്നു നൽകണം. ■

# നവമാധ്യമ ദുരുപയോഗം



പത്മജ ദേവി
*പ്രധാനധ്യാപിക, അരീക്കര എൽ.പി.സ്കൂൾ, വള്ളിക്കുന്നം, 8547173244*

പലപ്പോഴും ഇന്റർനെറ്റ് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് മാത്രമാണ്, കുട്ടികൾ ഇതുപയോഗിക്കുന്നത് കാണുമ്പോൾ നാം ആശങ്കപ്പെടാറുള്ളത്. എന്നാൽ അതിന്റെ അനന്തസാധ്യതകൾ കുട്ടികൾക്ക് ഒരുക്കിക്കൊടുക്കുന്ന ലോകത്തെക്കുറിച്ച് നാം ചിന്തിക്കാറില്ല.

ഒരു മനുഷ്യായുസ്സിൽ നാം കണ്ടിട്ടില്ലാത്ത ഓരോ രഹസ്യങ്ങളും നമ്മുടെ കൺമുമ്പിൽ എത്തിച്ചു തന്നുകൊണ്ടിരിക്കുന്ന ഈ നവമാധ്യമശൃംഖലയെ മാറ്റിനിർത്തിക്കൊണ്ടുള്ള ജീവിതം മനുഷ്യരാശിക്ക് അസാധ്യമായിരിക്കുന്നു. ഒരു ഭാഗത്ത് ഇത്തരം നേട്ടങ്ങളെക്കുറിച്ച് നാം പാടിപുകഴ്ത്തുമ്പോൾ മറുഭാഗത്ത് നല്ലതു തെരഞ്ഞെടുക്കാനുള്ള അജ്ഞത മൂലം വഴിതെറ്റിപ്പോകുന്ന കുട്ടികളുടെ കഥകളും വർധിച്ചുവരുന്നുണ്ട്.

സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം വർധിച്ചു വരുന്നു. എണ്ണിയാൽ തീരാത്ത ദൂഷിത വശങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. എന്നാൽ തന്റെ കലാസാഹിത്യ കഴിവുകൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ എല്ലാം യൂട്യൂബ് ചാനലിലൂടെ ലോകജനതയിൽ എത്തിക്കാൻ കഴിഞ്ഞിരിക്കുന്നതിലൂടെ, ലോകശ്രദ്ധയും സമ്പത്തുമെല്ലാം വാരിക്കൂട്ടുന്ന കുട്ടികളുടെ നേട്ടങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒന്നേ പറയാനുള്ളൂ. നവമാധ്യമങ്ങൾ കുട്ടികളിൽ ഉണ്ടാക്കുന്ന സ്വാധീനം വിലമതിക്കാനാകാത്തതാണെന്ന വസ്തുത മനസ്സിലാക്കി നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ കാതലായ മാറ്റം അനിവാര്യമാണ്. ■

www.malankaralibrary.com

# കുമ്പസാരം കേൾക്കുന്നതിന് വൈദികർക്ക് പ്രത്യേക അനുവാദം ആവശ്യമുണ്ടോ?



റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ
*വൈസ് ചാൻസലർ, മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ, മൗണ്ട് സെന്റ്തോമസ്, കാക്കനാട്*

എല്ലാ വൈദികർക്കും എവിടെയും കുമ്പസാരിപ്പിക്കുന്നതിനുള്ള അനുവാദമുണ്ടോ? സ്വന്തം രൂപതയ്ക്കു പുറത്തുള്ളൊരു ദൈവാലയത്തിൽ കുമ്പസാരിപ്പിക്കണമെങ്കിൽ ആ വൈദികന് പ്രത്യേക അനുവാദം ആവശ്യമുണ്ടോ?

– ***മാർട്ടിൻ ചാലക്കുടി***

ഒരു വിശ്വാസിയുടെ അനുദിന വിശ്വാസജീവിതവുമായി വളരെ ബന്ധപ്പെട്ടു നിൽക്കുന്ന ഒരു ചോദ്യമാണ് ഉന്നയിക്കപ്പെട്ടിരിക്കുന്നത്. സാധാരണഗതിയിൽ നമ്മൾ കണ്ടിട്ടുള്ളത് വൈദികർ എവിടെയും കുമ്പസാരിപ്പിക്കുന്നതാണ്; സഭകളുടെ വ്യത്യാസമോ രൂപതയുടെ വ്യത്യാസമോ കൂടാതെ വൈദികർ ഈ കൂദാശ വിശ്വാസികൾക്കുവേണ്ടി പരികർമ്മം ചെയ്യുന്ന സാഹചര്യം. ഏതു ദൈവാലയത്തിൽ ചെന്നാലും കുമ്പസാരക്കൂട്ടിൽ വൈദികനുണ്ടെങ്കിൽ സ്വതന്ത്രമായി കടന്നുചെന്ന് കുമ്പസാരിക്കാനുള്ള സാഹചര്യവും സ്വാതന്ത്ര്യവും വിശ്വാസികൾക്കുണ്ട്. അതേസമയം, എല്ലാ വൈദികർക്കും കുമ്പസാരമെന്ന കൂദാശ എവിടെയും പരികർമ്മം ചെയ്യാമോ എന്ന ചോദ്യം വൈദികരുടെ ശുശ്രൂഷയുമായി ബന്ധപ്പെട്ടതാണ്. ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന വിവിധ വശങ്ങൾ നമുക്ക് പരിശോധിക്കാം.

കുമ്പസാരം അഥവാ അനുരഞ്ജനകൂദാശയുടെ കാർമികൻ വൈദികൻ മാത്രമാണ് എന്ന് സഭാനിയമം പറയുന്നു (CCEO c. 722§1; CIC c. 956). എന്നുവച്ചാൽ വൈദികപട്ടം സ്വീകരിച്ചവർക്കു മാത്രമേ ഈ കൂദാശ പരികർമ്മം ചെയ്യാൻ സാധിക്കുകയുള്ളു. ഡീക്കന്മാർക്കും സിസ്റ്റർമാർക്കും അത്യാവശ്യഘട്ടങ്ങളിൽ കുമ്പസാരിപ്പിക്കാൻ സാധിക്കുമോ എന്നുള്ള ചോദ്യത്തിനുള്ള ഉത്തരം കൂടിയാണിത്.

വൈദികനായതുകൊണ്ടുമാത്രം കുമ്പസാരിപ്പിക്കാൻ അനുവാദമുണ്ടോ എന്നതാണ് അടുത്ത ചോദ്യം. ഇല്ല എന്നതാണ് ഉത്തരം. പൗരസ്ത്യസഭാനിയമം ഇപ്രകാരം പറയുന്നു: സാധുവായി പ്രവർത്തിക്കുന്നതിന് (കുമ്പസാരം കേൾക്കുന്നതിന്) വൈദികർക്ക് അനുരഞ്ജന കൂദാശ പരികർമ്മം ചെയ്യുന്നതിനുള്ള അധികാരം മുൻകൂട്ടിയുണ്ടാകണം. നിയമത്താൽ തന്നെയോ, തക്ക അധികാരി നൽകുന്ന പ്രത്യേക അനുവാദത്താലോ ആണ് ഈ അധികാരം നൽകപ്പെടുന്നത് (CCEO c. 722 §3). ലത്തീൻസഭാനിയമവും ഇക്കാര്യംതന്നെ നിഷ്കർഷിക്കുന്നു (CIC c. 966). നിയമാനുസൃതം വൈദികപട്ടം സ്വീകരിച്ച ഒരു വ്യക്തിക്ക് സാധുവായി കുമ്പസാരമെന്ന കൂദാശ പരികർമ്മം ചെയ്യണമെങ്കിൽ അതിനുള്ള അധികാരം (Faculty) നിയമാനുസൃത അധികാരി നൽകേണ്ടതുണ്ട്.

എപ്രകാരമാണ് കുമ്പസാരിപ്പിക്കാനുള്ള അധി

www.malankaralibrary.com

കാരം (Faculty) ഒരു വൈദികനു നൽകുന്നത്? അതിന് വ്യത്യസ്ത രീതികൾ നിലവിലുണ്ട്. ചില രൂപ തകളിൽ ഒരു വ്യക്തിക്കു തിരുപ്പട്ടം കൊടുത്തതിനുശേഷം കാർമികനായ രൂപതാധ്യക്ഷൻ നവവൈദികന് കുമ്പസാരിപ്പിക്കുന്നതിനുള്ള അനുവാദം വാക്കാൽ നൽകുന്നു. ആ അനുവാദമാണ് കുമ്പസാരിപ്പിക്കാനുള്ള അധികാരമായി കണക്കാക്കുന്നത്. രൂപതാധ്യക്ഷനല്ല മറ്റൊരു മെത്രാനാണ് പട്ടം നൽകുന്നതെങ്കിൽ തിരുപ്പട്ടസ്വീകരണത്തിനുശേഷം രൂപതാധ്യക്ഷനെക്കണ്ട് നവവൈദികൻ ഈ അനുവാദം വാങ്ങിക്കുന്നു. ഇങ്ങനെ വാക്കാൽ നൽകുന്ന അനുവാദം രൂപതാധ്യക്ഷൻ തക്കതായ കാരണങ്ങളാൽ രേഖാമൂലം പിൻവലിക്കുന്നതുവരെ നിലനിൽക്കുന്നു.

മറ്റു ചില രൂപതകളിൽ രൂപതാധ്യക്ഷൻ നവവൈദികർക്ക് തിരുപ്പട്ടത്തിനുശേഷം കുമ്പസാരം കേൾക്കുന്നതിനുള്ള അനുവാദം എഴുതിനൽകുന്നു. ഇങ്ങനെ നൽകപ്പെടുന്ന അനുവാദം, രൂപതാധ്യക്ഷൻ നിശ്ചയിച്ചിരിക്കുന്നതുപോലെ നിശ്ചിതസമയം (ഒരു വർഷം/മൂന്ന് വർഷം) പൂർത്തിയാകുമ്പോൾ പുതുക്കേണ്ടതാണ്. സന്ന്യാസവൈദികർക്ക് കുമ്പസാരിപ്പിക്കാനുള്ള അനുവാദം നൽകുന്നത് അവർ താമസിക്കുന്നതോ ശുശ്രൂഷചെയ്യുന്നതോ ആയ രൂപതകളിലെ മേലധ്യക്ഷന്മാരാണ്. അതേസമയം, സമർപ്പിതവൈദികരുടെ ഭവനങ്ങളിൽ താമസിക്കുന്ന സമർപ്പിതരുടെയും മറ്റുള്ളവരുടെയും കുമ്പസാരം കേൾക്കുന്നതിന് സമർപ്പിത സമൂഹത്തിന്റെ നിയമാവലിക്കനുസൃതമായി വൈദികരെ ചുമതലപ്പെടുത്തുന്നതിന് സമർപ്പിതസമൂഹത്തിന്റെ നിയമാനുസൃത അധികാരിക്ക് സാധിക്കുന്നതാണ് (CCEO c. 724 §2; CIC c. 967 §3).

എന്തുകൊണ്ടാണ് പട്ടം സ്വീകരിച്ച ഒരു വൈദികനു കുമ്പസാരം കേൾക്കുന്നതിന് പ്രത്യേക അനുവാദം ആവശ്യമാണെന്ന് സഭ ചിന്തിക്കുന്നത്? അത്, കുമ്പസാരക്കൂട്ടിൽ ഒരു വൈദികൻ ചെയ്യേണ്ട ദൗത്യങ്ങളുടെ ഉത്തരവാദിത്വപൂർണമായ നിർവഹണം ഉറപ്പുവരുത്തുന്നതിനാണ്. ക്രിസ്തുവിന്റെ സ്ഥാ



www.malankaralibrary.com

നത്തുനിന്ന് അനുതപിച്ചുവരുന്ന വിശ്വാസിയുടെ പാപം മോചിക്കുക എന്ന കൗദാശികമായ ദൗത്യത്തോടൊപ്പം തന്റെ പാപങ്ങൾ ഏറ്റുപറയുന്ന വിശ്വാസിയുടെ വിശ്വാസത്തെയും ധാർമികതയെയും സഭയുടെ വിശ്വാസവും ധാർമികതത്വങ്ങളുമനുസരിച്ച് രൂപപ്പെടുത്താനുള്ള കടമയും ഒരു വൈദികൻ നിർവഹിക്കണം. വൈദികൻ കുമ്പസാരക്കൂട്ടിൽ നല്ല ഒരു കൗൺസിലർ ആയിരിക്കണം. പാപസാഹചര്യത്തിലായിരിക്കുന്ന ഒരു വ്യക്തിയോട് എപ്രകാരം അതിൽ നിന്നു പിന്മാറാൻ സാധിക്കുമെന്ന് പറഞ്ഞുകൊടുക്കണം. പാപം ഏറ്റുപറയുന്ന വ്യക്തിയുടെ വികാരങ്ങളെയും ചിന്തകളെയും യഥാർഥത്തിൽ പാപകരമായ പ്രവൃത്തികളിൽനിന്നു വേർതിരിച്ചുകാണാനുള്ള അറിവും വിവേകവും വിവേചനവും ഉണ്ടായിരിക്കണം. ഇതൊക്കെ ചെയ്യണമെങ്കിൽ ദൈവശാസ്ത്രത്തിലും (Theology) ധാർമികശാസ്ത്രത്തിലും (Moral Theology) ലൈംഗികധാർമികതയിലും (Sexual Ethics) കൃത്യമായ അറിവുണ്ടായിരിക്കണം. സെമിനാരി പരിശീലനം പൂർത്തിയാക്കുന്ന ഒരു വൈദിക വിദ്യാർഥിക്ക് ഈ അറിവ് ഉണ്ട് എന്നതാണ് നിഗമനം. ശരി തെറ്റാണെന്നും തെറ്റ് ശരിയാണെന്നും ഉപദേശിക്കുന്നതുവഴി ഒരു വ്യക്തിയുടെ ആത്മരക്ഷയെത്തന്നെ അപകടത്തിലാക്കാനുള്ള സാധ്യത കുമ്പസാരക്കൂടുകളിലുണ്ട് എന്നതിലാണ് കുമ്പസാരിപ്പിക്കുന്ന വൈദികനു കൃത്യമായ ബോധനം നൽകേണ്ടതിന്റെ പ്രാധാന്യം അടങ്ങിയിരിക്കുന്നത്.

മറ്റു കൂദാശകളെന്നപോലെ അനുരഞ്ജന കൂദാശയും ഫലപ്രദമായി പരികർമം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം രൂപതാധ്യക്ഷന്റേതാണ് (CCEO c. 201; CIC c. 392). കുമ്പസാരമെന്ന കൂദാശയുടെ പരികർമത്തിന്മേലുള്ള രൂപതാധ്യക്ഷന്റെ ശ്രദ്ധയും ജാഗ്രതയും പ്രകടമാകുന്നത് തന്റെ രൂപതയിലെ വിശ്വാസികളുടെ കുമ്പസാരം കേൾക്കുന്നത് ആരായിരിക്കണം എന്ന് നിശ്ചയിക്കുന്നതിലൂടെയാണ്. അതുകൊണ്ടാണ്, ക്രൈസ്തവ വിശ്വാസികളിലാർക്കുവേണ്ടിയും അനുരഞ്ജന കൂദാശ പരികർമം ചെയ്യാനുള്ള അധികാരം ഒരു പ്രത്യേക അനുവാദംവഴി ഏതൊരു വൈദികനും നൽകാൻ സ്ഥലമേലധ്യക്ഷൻ മാത്രമാണ് പ്രാപ്തനായിട്ടുള്ളത് (CCEO c.724 §1) എന്നു സഭാനിയമം നിഷ്കർഷിക്കുന്നത് (cf. CIC c. 967). രൂപതാധ്യക്ഷനിൽനിന്ന് ഇപ്രകാരം ലഭിക്കുന്ന അധികാരം (Facutly) ഉപയോഗിച്ച് ഏതൊരു വൈദികനും തന്റെ രൂപതയിലും മറ്റെല്ലായിടത്തും നിയമാനുസൃതം കുമ്പസാരിപ്പിക്കാമെന്നതാണ് സഭാനിയമം.

ഒരു രൂപതയിൽ/സമർപ്പിതസമൂഹത്തിൽ ശുശ്രൂഷചെയ്യുന്ന ഒരു വൈദികന് മറ്റു രൂപതകളിലും എല്ലാ സ്ഥലത്തും കുമ്പസാരിപ്പിക്കുന്നതിനുള്ള അനുവാദം ഉണ്ട് എന്നത് ഇതിനാൽ വ്യക്തമാണ്. എന്നാൽ ചില സാഹചര്യങ്ങളിൽ ഏതെങ്കിലുമൊരു വൈദികന്റെ തെറ്റായ പ്രബോധനങ്ങൾ ശ്രദ്ധയിൽപ്പെട്ട ഏതെങ്കിലും ഒരു രൂപതാധ്യക്ഷന് ആ വൈദികനെ തന്റെ രൂപതയിൽ കുമ്പസാരം കേൾക്കുന്നതിൽനിന്ന് വിലക്കാവുന്നതാണ്. ഒരു വൈദികനെ സ്വന്തം രൂപതാധ്യക്ഷൻ കുമ്പസാരിപ്പിക്കുന്നതിൽനിന്ന് വിലക്കിയാൽ ആ വൈദികന് മറ്റൊരിടത്തും സാധുവായി ഈ കൂദാശ പരികർമം ചെയ്യാൻ സാധിക്കുകയില്ല.

ചോദ്യത്തിനുള്ള ഉത്തരം ഇതിനാൽ വ്യക്തമായിട്ടുണ്ട് എന്ന് കരുതികൊണ്ട് സാധാരണ ഈ മേഖലയിൽ വരുന്ന ഒരു സംശയംകൂടി ദൂരീകരിച്ച് അവസാനിപ്പിക്കാം. കുമ്പസാരിപ്പിക്കാൻ അനുവാദമില്ലാത്ത (Faculty) ഒരു വൈദികൻ കുമ്പസാരക്കൂട്ടിൽ ഇരിക്കുന്നു എന്ന് സങ്കൽപ്പിക്കുക. താൻ ചെയ്യുന്നത് നിയമത്തിനെതിരാണെന്നും താൻ ചെയ്യുന്ന കൂദാശ അസാധുവാണെന്നും വൈദികനറിയാം. എന്നാൽ, കുമ്പസാരത്തിനെത്തുന്ന വിശ്വസികൾ സാധാരണപോലെ കുമ്പസാരിക്കുന്നു. വൈദികൻ പാപമോചനം നൽകുന്നു. ഇവിടത്തെ ചോദ്യമിതാണ്: അനുവാദമില്ലാതെ കുമ്പസാരിപ്പിച്ച വൈദികനിൽനിന്ന് ലഭിച്ച പാപമോചനം സാധുവാണോ? കുമ്പസാരക്കൂട്ടിൽ ഇരുന്ന വൈദികനു കുമ്പസാരിപ്പിക്കാൻ അനുവാദമില്ലാത്തയാളാണെന്ന് അറിഞ്ഞതിനുശേഷമാണ് ആ വൈദികന്റെയടുത്തുതന്നെ ഒരു വ്യക്തി കുമ്പസാരിക്കുന്നതെങ്കിൽ പാപമോചനം അസാധുവാണ് (invalid); വീണ്ടും കുമ്പസാരിക്കണം. തന്നെ കുമ്പസാരിപ്പിക്കുന്ന വൈദികനെക്കുറിച്ച് യാതൊരു ധാരണയുമില്ലാതെ പൂർണവിശ്വാസത്തോടെ കുമ്പസാരിക്കുകയും പാപമോചനം സ്വീകരിക്കുകയും ചെയ്ത വ്യക്തിയുടെ പാപം മോചിക്കപ്പെട്ടു (Ecclesia supplet). പിന്നീട് ആ പാപങ്ങൾ കുമ്പസാരിക്കേണ്ടതില്ല.

അതേസമയം മരണകരമായ സാഹചര്യത്തിലായിരിക്കുന്ന ഒരു വ്യക്തിയെ കുമ്പസാരിപ്പിക്കാൻ എല്ലാ വൈദികർക്കും (അധികാരമില്ലാത്തവർക്കും, വൈദികശുശ്രൂഷ ഉപേക്ഷിച്ചവർക്കുപോലും) അനുവാദവും കടമയും ഉണ്ട് (CCEO c. 735§2; CIC c. 986§2) എന്ന സഭാനിയമവും പ്രസക്തമാണ്. ■

www.malankaralibrary.com


# ഒരേ വേഗത്തിന്റെ തെറ്റിയ ചുവടുകളും തർക്കങ്ങളും

ആനന്ദിന്റെ ‘കർണ്ണനും വികർണ്ണനും’ എന്ന കഥയുടെ വിശകലനം.
*മാതൃഭൂമി ആഴ്ചപ്പതിപ്പ് 2022 മെയ് 15*



ഫാ. സുനിൽ OFM Cap.
**ഡയറക്ടർ, അസ്സീസി ആർട്സ് & കമ്മ്യൂണിക്കേഷൻ, കൊല്ലം*

മനുഷ്യാസ്തിത്വത്തിന് ഭീകരമായ അസ്ഥിരതയുണ്ടെന്ന് എല്ലാ കാലത്തും നിരീക്ഷിച്ചിട്ടുള്ള എഴുത്തുകാരനാണ് ആനന്ദ്. ധമനികളിൽ ഭീതിയുടെ ഇടിനാദം കൊണ്ടുനടക്കുന്ന ഒരാൾ എപ്പോഴും ഭാവനയെ ദാർശനികമായി അടുക്കിയെടുക്കാം. തത്വചിന്ത എന്ന അരുവിയുടെ ഒഴുക്ക് ചെറുകഥയിൽ കൊണ്ടുകെട്ടിനിർത്തുമ്പോൾ അത് ഭാവിയെക്കുറിച്ചുള്ള ഭ്രാന്തമായ ജിജ്ഞാസയായി രൂപമെടുക്കും. നശിപ്പിക്കുകയും സൃഷ്ടിക്കുകയും ചെയ്തുകൊണ്ടു നീങ്ങുന്ന അസ്തിത്വത്തെ ചലനത്തിന്റെ രൂപത്തിൽ ആവിഷ്കരിക്കുന്ന ഒരു കഥയാണ് കർണനും വികർണ്ണനും. കാലം അയഞ്ഞതായിരിക്കുമ്പോഴും അതിലെ മനുഷ്യന്റെ വേഗതയ്ക്ക് താത്വികമായി സംഭവിക്കുന്ന ചുവടുവയ്പ്പുകളെയും അതിന്റെ സാവധാന തത്വത്തെയും കഥാകൃത്ത് നിരീക്ഷിക്കുന്നവിധം ശ്രദ്ധേയമാണ്. ഭൂമിയുടെ യുക്തിയെ സ്പർശിച്ചുനിൽക്കുന്ന ചില ദർശനങ്ങൾ ആനന്ദ് വ്യഞ്ജിപ്പിക്കുന്നുണ്ട്. യുക്തിയുടെ, ശ്രദ്ധയുപയോഗിച്ച് രചിചിട്ടുള്ള ‘കർണ്ണനും വികർണ്ണനും’ നമ്മിൽനിന്നും ആവശ്യപ്പെടുന്നത് ഒരു താത്വികമായ വായനയാണ്. നമ്മുടെ പാദങ്ങൾക്ക് പൂർവഗതഭാവിയുണ്ടെന്നാണ് ആനന്ദ് വിശ്വസിക്കുന്നത്. നാം ജീവിക്കുന്ന കാലത്തെ ഒരു അളവായി ചിത്രീകരിക്കാൻ ഇത്തരം യുക്തികൾ ആവശ്യമാണ്. ജ്യോമട്രിയുടെ ഭോഗനടനം എങ്ങനെയാണ് ഭാവനയുടെ അടരായി മാറുന്നത് എന്ന അന്വേഷണം ‘കർണ്ണനും വികർണ്ണനും’ എന്ന കഥയിൽനിന്നുവേണം ആരംഭിക്കാൻ. കാലത്തിന്റെ യാന്ത്രികമായ ക്രമത്തെ ചോദ്യം ചെയ്യുന്നത് ഒരുതരം പ്രോസ് ഫിക്ഷൻ (Prose fiction) ഉപയോഗിച്ചാണ്. ഭൂമി അതിലെ എല്ലാ സന്താനങ്ങളെയും വിവരണാതീതമായ ഒരു ഒഴുക്കിലകപ്പെടുത്തിക്കൊണ്ടുപോകുന്നുവെന്നതിന്റെ വിശദാംശമായി വേണം ‘കർണ്ണനും വികർണ്ണനും’ പാരായണവിധേയമാക്കാൻ. കാലത്തിന്റെ പ്രവാഹഗതിയുടെ ക്രമത്തെ മനുഷ്യബോധ, ക്രമവുമായി ബന്ധിപ്പിക്കാനുള്ള ആനന്ദിന്റെ ഈ ശ്രമത്തെ നമുക്ക് യുക്തിയുടെ സൗന്ദര്യമുള്ള തിന്മ എന്നുവിളിക്കാം. വിപുലവും സങ്കീർണവുമായ അന്തർദർശനങ്ങൾകൊണ്ട് ഉൾക്കാഴ്ചയുടെ നക്ഷത്രങ്ങളൊരുക്കാൻ ആനന്ദ് തീർത്ത ശീർഷകംപോലും നമുക്കു മുമ്പിൽ വരപ്രസാദമായി നിൽക്കുന്നു. നാം ജീവിക്കുന്നകാലം ഒരു മായികഭാവമാണ്. കാലത്തിനേക്കാൾ പ്രാധാന്യം ചലനത്തിനും നൽകുന്ന ഒരു കഥയെക്കുറിച്ച് ഇവിടത്തെ സാമ്പ്രദായിക നിരൂപകർ ഒന്നും മിണ്ടില്ല.

## ഉൾക്കാഴ്ചകളുടെ സാഹസിക ധീരത

യുക്തിചിന്ത ആനന്ദിന് ഒരു രോഗമാണ്. ആത്മനിഷ്ഠയുടെ ലഹരിയിലിരുന്ന് കഥയെഴുതുമ്പോഴും ഒരു മോബിനുവേണ്ടിയുള്ള ദാർശനിക പരിസരമാണ് ആനന്ദ് തീർക്കുന്നത്. ഈ കഥയിലെ

www.malankaralibrary.com

കർണനും വികർണനനും തമ്മിലുള്ള സംവാദം ദർശനങ്ങളുടെ വനയക്ഷികളെ സൃഷ്ടിച്ചുകൊണ്ടാണ് എല്ലായ്പ്പോഴും ആരംഭിക്കുന്നതും അവസാനിക്കുന്നതും. നാല് സെഗ്മെന്റ്സുകളിലായി ആനന്ദ് ചിതറിച്ചിട്ടിരിക്കുന്നത് കാലസഞ്ചാരത്തെയും അതിന്റെ പുതുക്കിയ ചലനഗതികളെയുമാണ്. ചലനത്തെക്കുറിച്ചും നടത്തത്തെക്കുറിച്ചും വേഗതയെക്കുറിച്ചുമുള്ള തർക്കങ്ങൾ പിന്നീടെത്തുന്നത് ദിശയെപ്പറ്റിയുള്ള വിചാരങ്ങളിലാണ്. ദിശയെച്ചൊല്ലിയുള്ള തർക്കം ചെന്നെത്തുന്നത് ദ്രൗപതിയിലാണ്. നാം നിൽക്കുന്നിടത്തെ അപേക്ഷിച്ചിരിക്കുന്നു ദിശകൾ എന്ന് വികർണൻ വാദിക്കുന്നുണ്ട്. ഈ സംവാദം ചൂടുപിടിക്കുമ്പോഴാണ് കർണൻ ഇങ്ങനെ കൂട്ടിച്ചേർക്കുന്നത്– "വികർണാ നീ പൊതുസഭയിൽവച്ച് ദ്രൗപതിയുടെ സംരക്ഷണം ആവശ്യപ്പെട്ടത് അവളെ ഭൂഗോളത്തിന്റെ ഏതുകോണിൽനിന്ന് നോക്കിയിട്ടാണ്? എവിടെനിന്ന് നോക്കിയാലാണ് അവൾ ചാരിത്രവതിയായി കാണുന്നത്?" ഇതിന് മറുപടിയായി വികർണൻ പറയുന്നതുനോക്കൂ– "അവളുടെ മാത്രം കോണിൽനിന്ന്" നാം ജീവിക്കുന്ന കാലം ഒരു തർക്കഭൂമിയാണ്. ആശയങ്ങളെ ഭീതിയോടെ കണ്ടെത്തുന്നവരാണ് കർണനും വികർണനനും. നമുക്കുചുറ്റുമുള്ള ഭീകരമായ അസ്ഥിരതയെ ഗൗരവമായി ചർച്ചചെയ്യുന്നതുകൊണ്ടുതന്നെ അവർ ഒന്നിച്ചു നടന്നിട്ടും ഒരേ വേഗത്തിൽ നടന്നിട്ടും അവരുടെ ചുവടുകൾ പലപ്പോഴും തെറ്റുകയാണ്. എല്ലാ തെറ്റലുകളും തർക്കങ്ങളെ സൃഷ്ടിക്കുമെന്ന് അങ്ങനെ ആനന്ദ് നിരീക്ഷിക്കുന്നു. നമ്മുടെ പ്രത്യയശാസ്ത്ര പ്രചാരകർ ഒന്നിച്ചാണ് നടക്കുന്നത്. ഒരേ വേഗത്തിലാണ് നടക്കുന്നത്. പക്ഷേ അവരുടെ ചുവടുകൾ പല ആംഗിളുകളിലേക്ക് തെറ്റിപ്പിരിയുകയാണ്. ചിലർ അധികാരകസേകരകളിലേക്ക് തിരിയുമ്പോൾ, മറ്റുചിലർ സെൽഫ് ബാങ്കിംഗിലേക്ക് മടങ്ങുന്നു. ചിലർ പ്രത്യയശാസ്ത്രത്തിന്റെ കള്ള പ്രചാരകരാകുമ്പോൾ മറ്റുചിലർ സാംസ്കാരിക നവോത്ഥാനത്തിന്റെ നുണവ്യവസായികളായി തീരുന്നു. ചിലർ ശാസ്ത്രീയനന്മകളുടെ കുത്തക പിടിക്കുമ്പോൾ മറ്റുചിലർ പരിസ്ഥിതിയുടെ ഒളിച്ചുകടത്തുകാരായി മാറുന്നു. ചിലർ സൈന്യത്തെയും ന്യായാലയത്തെയും ജനാധിപത്യത്തെയും ആത്മീയതയെയും വിൽപനച്ചരക്കാക്കുമ്പോൾ മറ്റുചിലർ നടിപ്പിന്റെ മനഃശാസ്ത്രത്തിൽ അഭിരമിക്കുന്നു.

ഇത്തരം ഒരു ദുരന്തകാലത്തിന്റെ 'നിർമിത' വേഗതയെയും 'നിർമിത' ചലനത്തെയും ആനന്ദ് ചോദ്യം ചെയ്യുന്നത് നാല് പ്രധാന സെഗ്മെന്റ്സുകളിൽ വച്ചാണ്. ഇവിടെയൊക്കെ കർണൻ ഉന്മേഷത്തിലേക്കും വികർണൻ ഉന്മേഷരാഹിത്യത്തിലേക്കും മാറിക്കൊണ്ടിരിക്കുന്നതാണ് നാം കാണുന്നത്. ഇവിടെയൊക്കെ അവർ ഒന്നിച്ചും ഒരേ വേഗത്തിലും നടക്കുന്നു. പക്ഷെ ചുവടുകൾ പലപ്പോഴും തെറ്റുകയാണ്. ഈ സന്തുലിതാവസ്ഥയില്ലായ്മയെ ഓരോയിടത്തും ആനന്ദ് നമുക്കു അനുഭവിപ്പിച്ചുതരുന്നുണ്ട്.

### ഒന്ന്, സൈന്യം!

യുക്തികൊണ്ട് പ്രധാനപ്പെട്ട ജീവിതസന്ദർഭങ്ങളെ പൂർണമായി അറിയാനാകുമോ എന്ന ചോദ്യം ചോദിച്ചുകൊണ്ടുവേണം കർണന്റെയും വികർണന്റെയും സൈന്യജീവിതകാലം മറനീക്കി നോക്കാൻ. രണ്ടുപേരും സൈന്യത്തിലായിരുന്നു. കർണൻ എല്ലാ പദവികളും കരസ്ഥമാക്കി. ഒന്നിച്ചുചേർന്നിട്ടും ആയുധവിദ്യയിൽ സമന്മാരായിരുന്നിട്ടും വികർണൻ പിന്നിലായി. അവിടെയും അയാളെ ചതിക്കുന്നത് നടത്തവും വേഗവുമല്ല മറിച്ച് ചുവടുകളാണ്. നാം ജീവിക്കുന്നത് ചുവടുകൾ പിഴച്ച ഒരു കാലത്തിലാണെന്നു തന്നെയല്ലേ ആനന്ദ് പറഞ്ഞുവയ്ക്കുന്നത്. ഒരാൾ മറ്റൊരാളെ തോൽപ്പിക്കുന്ന വിധമാണിത്. ഒരാൾക്ക് ചുവട് അന്തർദർശനത്തിന്റെ കനിയായി മാറുമ്പോൾ മറ്റൊരാൾക്ക് പരസ്പരബന്ധമില്ലാത്ത നിമിഷങ്ങളായി അത് മാറിയേക്കാം. ഇവിടെ വികർണന്റെ ബോധത്തിൽ നിറയാത്ത ഐക്യമാണ് ചുവടവയ്പ്പുകൾ. ആത്മാവില്ലാത്ത ഈ കാലത്തോടാണ് പലപ്പോഴും ശാസ്ത്രം അതിന്റെ ആഭിമുഖ്യം പ്രകടമാക്കുന്നത്. അതുകൊണ്ട് ഒന്നിച്ചുനടന്നാലും ഒരേ വേഗത്തിൽ നടന്നാലും ചുവടുകൾ തെറ്റിയേക്കാം എന്ന ദർശനമാണിവിടെ ആനന്ദ് മുനയുയർത്തി നിർത്തുന്നത്.

### രണ്ട്, ന്യായാലയം!

ആശയങ്ങളുടെ പുതുമ നശിക്കരുത് എന്നാഗ്രഹിക്കുന്ന ഒരു താർക്കികൻ ആനന്ദിലുണ്ട്. ഭരണകൂടത്തിന് അതിന്റെ പ്രസാദാത്മകത്വം നഷ്ടപ്പെടുന്നുവെന്നും അത് ജനങ്ങളെ വിഷാദാത്മകത്വത്തിലേക്ക് എറിയുന്നുവെന്നും കഥാകൃത്ത് നിരീക്ഷിക്കുന്നത് ന്യായാലയവുമായി ബന്ധപ്പെട്ട ഖണ്ഡത്തിലാണ്. വിമർശനത്തെ ഇഷ്ടപ്പെടാത്ത ഭരണകൂടങ്ങളുടെ കാലമാണിത്. വിമർശകൻ സമൂഹത്തിന്റെയും വ്യവസ്ഥയുടെയും ആരോഗ്യത്തിന് ആവശ്യമാണെന്നും അത് ഭരണകൂടവും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുമെന്നും ആനന്ദ് നിരീക്ഷിക്കുന്നുണ്ട്. ന്യാ

www.malankaralibrary.com

യാലയങ്ങളിൽപ്പെട്ട കർണനും വികർണനനും തമ്മിലുള്ള സംവാദമാണ് രണ്ടാംഖണ്ഡം. ജനാധിപത്യത്തിനും നിയമങ്ങൾക്കും അതിന്റെ ജൈവസ്വഭാവം നഷ്ടപ്പെട്ടുവെന്നുതന്നെയാണ് വികർണൻ വാദിക്കുന്നത്. ന്യായാലയത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംവാദം ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. "നീ ശാശ്വതമായ ഒന്നിനെയും അംഗീകരിക്കുന്നില്ലേ? ദൈവത്തെപ്പോലും? ദൈവം എന്നൊന്നുണ്ടെങ്കിൽ അത് പരിണമിച്ചുകൊണ്ടിരിക്കുന്ന ദൈവമാകണം" എന്ന് വാദിക്കുന്നുണ്ട്. മനുഷ്യൻ വിങ്ങുന്ന ആകുലതയിൽ വീഴുമ്പോൾ വികർണൻ existence of God നെക്കുറിച്ചുപോലും തർക്കിക്കുന്നു. ഒന്നിച്ചുനടന്നിട്ടും ഒരേവേഗത്തിൽ നടന്നിട്ടും ദൈവത്തിന്റെ ചുവടുകൾക്കൊപ്പം എത്താനാവാത്തവരെക്കുറിച്ചുള്ള സന്ദേഹം കൂടി ഈ ഖണ്ഡത്തിലുണ്ട്.

### മൂന്ന്, രാഷ്ട്രീയം

നാം എന്തായിരുന്നോ അതിൽനിന്നും നാം മാറിക്കൊണ്ടിരിക്കുന്നു. അതാണ് പ്രത്യയശാസ്ത്രങ്ങളില്ലാത്ത രാഷ്ട്രീയം. പഴയമൂല്യങ്ങൾക്ക് വിപണി ഇടിഞ്ഞതിനെയും ജനാധിപത്യം യാന്ത്രികതയായി മാറിയതിനെയും വികർണൻ എതിർത്തുകൊണ്ടിരുന്നു. അധികാരമില്ലെങ്കിൽ ഒന്നും ചെയ്യാനാവില്ലായെന്നുതന്നെയാണ് കർണൻ വാദിച്ചുകൊണ്ടിരുന്നത്. ഇവിടെ ലക്ഷ്യം രാഷ്ട്രീയത്തിന്റെ ഭാവി മാത്രമാണ്. ജീവിക്കാൻവേണ്ടി ആശിക്കുന്ന ഒരു ജനതയെ അധികാര വടംവലിക്കാർ ശ്രദ്ധിക്കാറില്ലെന്നുതന്നെയാണ് ആനന്ദ് നിരീക്ഷിക്കുന്നത്. മൂല്യശോഷണം സംഭവിച്ച രാഷ്ട്രീയക്കളത്തിൽ 'വ്യക്തി' എന്നത് വിട്ട് 'കക്ഷി' യായി മാറുന്നതിനെയാണ് ആനന്ദ് പരിഹാസപൂർവം (കറിനഹാസ്യം) അവതരിപ്പിക്കുന്നത്.

### നാല്, നാടകശാല

ഏറ്റവും ഒടുവിൽ നാം കർണനെയും വികർണനെയും കണ്ടുമുട്ടുന്നത് ഒരു നാടകക്കമ്പനിയിലാണ്. നല്ല നടന്മാരാകുക എന്നതാണ് അവിടുത്തെ പ്രധാന ദൗത്യമെന്ന് കർണൻ വിശ്വസിച്ചു. അത് അയാൾ കൃത്യതയോടെ നിർവഹിക്കുകയും ചെയ്തു. പുരസ്കാരങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. വികർണൻ തനിക്കു ലഭിച്ച കഥാപാത്രങ്ങളോട് മല്ലടിക്കുകയും കലഹിക്കുകയും ചെയ്തു. നാം ജീവിക്കുന്ന ഈ ലോകം വലിയൊരു നടനകേന്ദ്രമാണ്. ജീവിതം നടിപ്പാണെന്ന് ആനന്ദ് സ്ഥാപിക്കുന്നു. താൻ സ്വന്തമാക്കിയ മൂല്യങ്ങളെല്ലാം പുറകോട്ടു ഒഴുകിപ്പോകുന്നതിനെ സന്ദേഹപൂർവം നോക്കിനിൽക്കുകയാണ് വികർണൻ. ഇവിടെ കർണൻ അരങ്ങിലും വികർണൻ അരങ്ങിനുപുറത്തും മരിച്ചുവീഴുന്നു. കർണൻ നടനായി മരിച്ചുവീഴുമ്പോൾ വികർണൻ മനുഷ്യനായാണ് മരിച്ചുവീഴുന്നത്. കർണന്റേത് യാന്ത്രികതയുടെ മരണവും വികർണന്റേത് ജൈവഭാവത്തിന്റെ മരണവുമായിരുന്നു. ഇനിമേൽ ഭൂമിയിലെ ഒരാളുടെ ജീവിതം നിർമിത ആചാരങ്ങളുടെ ആവർത്തനമായിരിക്കുമെന്നുതന്നെയാണ് ആനന്ദ് സ്ഥാപിക്കുന്നത്.

### അനുബന്ധം

വർത്തമാനകാലത്തിന്റെ വാസ്തവികതയിൽ നിന്ന് തീർച്ചയുള്ള ഒരു ഭാവിയിലേക്ക് കടക്കാൻ ചില ദർശനഖണ്ഡങ്ങൾ ആവശ്യമാണ്. കഥയിൽ പ്രായോഗിക തത്വചിന്തയുടെ ആരവം കേൾപ്പിക്കുന്ന കഥാകാരനാണ് ആനന്ദ്. ഒരു കുറ്റസമ്മതംപോലെ വായിച്ചുപോകാവുന്ന കഥകളിലെല്ലാം സമഗ്രമായ ജീവിതദർശനങ്ങളെ ക്ലിപ്പ് ചെയ്തുവയ്ക്കുന്ന ആനന്ദിനെ 'കർണനും വികർണനും' എന്ന കഥയിലും നമുക്ക് കണ്ടുമുട്ടാം. ആ വാക്യാർച്ചനകളുടെ ദാർശനിക താപനില മനസ്സിലാക്കാൻ ചില വാക്യങ്ങളെ ഉദ്ധരിക്കാം.

ഒന്ന്, ഒന്നിച്ചു നടക്കുമ്പോൾ നമ്മുടെ വേഗം ഒന്നായിത്തീരും.

രണ്ട്, ചുവടുകൾ ഒന്നായാൽ അത് നടത്തമല്ലാതാകും. പരേഡാകും. ചുവടുകൾ തെറ്റിയാൽ അംഗങ്ങൾ കൂട്ടിമുട്ടി പരേഡ് തകരുന്നതുപോലെ.

മൂന്ന്, വേഗം ശരീരം സ്വയമാർജിക്കുന്ന പ്രക്രിയയാണ്. ചുവടുകൾക്ക് മനസ്സിന്റെ കൂടി ആശ്രയം വേണം.

നിറഞ്ഞതും സമഗ്രവുമായ ഇത്തരം പ്രായോഗിക തത്വവിചാരങ്ങളെ ചിന്തയുടെ തീർഥാടന കേന്ദ്രമായി ആനന്ദ് സ്പർശിച്ചു നിൽക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. നാം ജീവിക്കുന്ന കാലത്തെയും അതിന്റെ സംഹിതകളെയും ഇനി വൈകാരികതയിൽ ലയിപ്പിക്കുന്നതിൽ അർഥമില്ലെന്നും മറിച്ച് അതിനെ ബൗദ്ധികതയിൽ മുക്കിപ്പിടിക്കേണ്ടതുണ്ടെന്നും ആനന്ദ് വിശ്വസിക്കുന്നു. സൈന്യത്തിന്റെ അധിപനും, ന്യായാലയത്തിലെ നീതിപാലകനും ദൈവവും രാഷ്ട്രീയത്തിലെ അധികാരിയും അഭിനയക്കളരിയിലെ നടന്മാരും തമ്മിൽ സംഘർഷം തുടരുമ്പോൾ അവ ഒരേ വേഗത്തിന്റെ തെറ്റിയ ചുവടുകളും തർക്കങ്ങളുമായി നാം തിരിച്ചറിഞ്ഞിരുന്നെങ്കിൽ. ■

www.malankaralibrary.com




# കാരുണികൻ

## വളർച്ചയുടെ അടുത്ത പടിയിലേക്ക്

കാരുണികൻ വളർച്ചയുടെ പുതിയൊരു ഘട്ടത്തിലേക്ക് കടക്കുകയാണ്. വായനക്കാരായ നിങ്ങളുടെ വിലയിരുത്തലുകളും തിരുത്തലുകളും ഞങ്ങൾ സ്വാഗതം ചെയ്യുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. കാരുണികന്റെ ഉള്ളടക്കം മുതൽ ലേ–ഔട്ട് വരെയുള്ള ഏതു വിഷയത്തെക്കുറിച്ചുമുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന email-ലും മൊബൈലിലും വാട്സാപ്പിലും ഞങ്ങളെ ബന്ധപ്പെടാവുന്നതാണ്.

നന്ദിയോടെ

**മിഖാസ് കൂട്ടുങ്കൽ**

**e-mail : mkoottumkalsongs@gmail.com**
**WhatsApp : 004915126056114**
**Mobile : +91 94471 02890**

www.malankaralibrary.com

# ദിവ്യകാരുണ്യ മിഷനറി സഭയ്ക്ക് നവനേതൃത്വം

## MCBS ജനറൽ അഡ്മിനിസ്ട്രേഷൻ


ഡോ. അഗസ്റ്റിൻ പായിക്കാട്ട്


ഡോ. ജോസഫ് കോണിക്കൽ


ഡോ. ജോസഫ് പാണ്ടിയപ്പള്ളിൽ



ഡോ. സ്കറിയ കുന്നേൽ


ഫാ. തോമസ് പോൾ ഇളയിടത്ത്മഠത്തിൽ

## എറണാകുളം പരംപ്രസാദ് പ്രൊവിൻസ്


ഡോ. ജോസഫ് കൈപ്പയിൽ


ഡോ. ജോസ് പതിയാമൂല


ഡോ. ഫ്രാൻസിസ് കൊടിയൻ


ഫാ. ജോർജ് കണ്ണംപ്ലാക്കൽ


ഫാ. ആന്റോ പുതുവ

## കോഴിക്കോട് സയൺ പ്രൊവിൻസ്


ഡോ. മാത്യു ഓലിക്കൽ


ഡോ. മാത്യു തെക്കേമുറി


ഫാ. റോബിൻ കാരക്കാട്ട്


ഡോ. ആന്റോ കരോട്ട്


ഫാ. മാത്യു കളമ്പുകാട്ട്

## കോട്ടയം എമ്മാവൂസ് പ്രൊവിൻസ്


ഫാ. ജോസഫ് ചോവേലിക്കുടി


ഫാ. ആന്റണി കുറ്റിക്കൽ


ഫാ. ജോർജ് വാഴപ്പിള്ളിൽ


ഡോ. തോമസ് മുളപ്പൻചേരിൽ


ഫാ. ദേവസി മാക്കിയിൽ

www.malankaralibrary.com
Date of Publication: 23.07.2022 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 36**




Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala; Editor : Fr. Mikhas Koottumkal MCBS